**അടിയന്തരപ്രമേയം**

**മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ**

മി. സ്പീക്കർ: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് അപകടകരമാംവിധം 142 അടിയായി ഉയരുകയും അണക്കെട്ടിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ക്രമാതീതമായി മഴപെയ്തുകൊണ്ടിരിക്കുന്നതിനാൽ നീരൊഴുക്ക് ശക്തമായിരിക്കുകയും യാതൊരു മുന്നറിയിപ്പുമില്ലാതെ എല്ലാ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി 8 ഷട്ടറുകൾ ഇന്നലെ തമിഴ്നാട് തുറക്കുകയും സെക്കന്റിൽ 4200 ഘന അടി വെള്ളം പെരിയാറിലേയ്ക്ക് ഒഴുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഇ. എസ്. ബിജിമോൾ, സർവ്വശ്രീ കെ. കെ. ജയചന്ദ്രൻ, മാത്യു റ്റി. തോമസ് എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 2014 മേയ് മാസത്തിലെ സുപ്രീംകോടതി വിധിയിലൂടെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തുന്നതിനുള്ള ഒരു സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ഇത്തവണ 142 അടിയിൽ എത്തിക്കാനുള്ള നിർബന്ധമായ സമീപനമാണ് തമിഴ്നാട്

സ്വീകരിച്ചത്. തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകാവുന്നത്രയും വെള്ളം കൊണ്ടുപോകാതെ 141.86 എന്ന സ്ഥിതി വന്നപ്പോൾ, ഇന്നലെ നാലര മണിക്ക് നിങ്ങൾ ഷട്ടറുകൾ തുറക്കുന്നതിന് പന്ത്രണ്ട് മണിക്കൂറെങ്കിലും നേരത്തെ അറിയിക്കണമെന്നുള്ള വ്യവസ്ഥ പാടിച്ചിട്ടില്ല, ഏത് സമയത്തും വെള്ളം ഒഴുക്കേണ്ട സ്ഥിതിയുണ്ടെന്ന് കാണിച്ച് സൂപ്പർവൈസറി കമ്മിറ്റിയുടെ കേരളത്തിന്റെ പ്രതിനിധി വീണ്ടും അവർക്ക് കത്തയച്ചു. അതിന് അപ്പോൾ മറുപടിയൊന്നും നൽകാതെ ഇന്നലെ ഏഴര മണി കഴിഞ്ഞപ്പോൾ മാത്രമാണ് ഷട്ടറുകൾ തുറക്കുന്ന കാര്യം അറിയുന്നത്. ഇന്നലെ ഷട്ടർ തുറന്നു, ഡ്രൈ ആയതുകൊണ്ട് വെള്ളം അധികം ഉയർന്നില്ല. ഷട്ടറുകൾ തുറക്കേണ്ടിവരുമെന്നുള്ള നിലയിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കത്തക്ക വിധത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ സേനയും ജനപ്രതിനിധികളുമെല്ലാം ആലോചിച്ച് അവിടെ വേണ്ടത്ര ക്രമീകരണങ്ങൾ ചെയ്തിരുന്നു. വെള്ളം ഒഴുകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ആപൽക്കരമായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടിയുള്ള സൂപ്പർവൈസറി കമ്മിറ്റി ശരിയായ നിലയിൽ പ്രവർത്തിച്ചിട്ടില്ല. ഓപ്പറേഷൻ ഷെഡ്യൂൾ തൃപ്തികരമല്ലായെന്ന് സെൻട്രൽ വാട്ടർ കമ്മീഷനെ അറിയിച്ചു. അതിനും ശരിയായ നടപടി സ്വീകരിച്ചില്ല. കഴിഞ്ഞ 30-ാം തീയതി വീണ്ടും സൂപ്പർവൈസറി കമ്മിറ്റി ചേർന്നു. ഇന്നത്തെ സാഹചര്യത്തിൽ, 142

അടി വെള്ളം എത്തുന്നതിനുമുൻപ് ഈ വെള്ളം ഒഴുക്കി ഒന്നുകിൽ തമിഴ്നാട്ടിലേക്ക് അല്ലെങ്കിൽ കേരളത്തിലേക്ക് വിടുന്നതിനുള്ള നടപടിക്രമമാണ് സ്വീകരിക്കേണ്ടിയിരുന്നത്. അത് സ്വീകരിക്കാത്ത പശ്ചാത്തലത്തിൽ അടിയന്തരമായി ഒരു ഒറിജിനൽ ഒ. പി. സുപ്രീംകോടതിയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ് നടക്കുമ്പോൾ കേരളം ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇവിടെ അതിശക്തമായി 48 മണിക്കൂറിനുള്ളിൽ അറുപത് സെന്റിമീറ്റർ മഴ പെയ്താൽ ജലനിരപ്പ് 158 അടി കഴിഞ്ഞ് 160 അടി വരെ എത്തുമെന്ന് ഐ.ഐ.ടി. വിദഗ്ധനായ ഹുസൈൻ റിപ്പോർട്ട് നൽകിയിരുന്നു. ഇക്കാര്യം നമ്മൾ സുപ്രീംകോടതിയിൽ ഉന്നയിച്ചിരുന്നു. അതൊന്നും സാധ്യതയുള്ള കാര്യമല്ലായെന്നാണ് തമിഴ്നാട് അഭിഭാഷകരുമെല്ലാം അന്ന് അഭിപ്രായം പറഞ്ഞത്. ഇത്തവണ തമിഴ്നാട്ടിൽ എന്താണ് ഉണ്ടായത്? 24 മണിക്കൂറിനുള്ളിൽ 30 സെ. മീ. മഴ പെയ്തു. മഴ അധികമില്ലാത്ത ചെന്നൈയിൽ അത്രയും മഴ പെയ്യാൻ ഇടയായിയെങ്കിൽ 1924-ൽ മൂന്നാർ പ്രദേശങ്ങളിൽ ഹുസൈൻ പറഞ്ഞതിനെക്കാൾ കൂടുതൽ മഴ പെയ്തിട്ടുണ്ട്. ഏതു സമയത്തും ഈ പ്രദേശത്തും അങ്ങനെ ഉണ്ടാകാം. 136 അടിയിൽ വെള്ളം നിൽക്കുമ്പോൾ 60 സെ. മീ. മഴ ഈ തുലാവർഷക്കാലത്ത് പെയ്താൽ ഡാമിലെ വെള്ളം കവിഞ്ഞൊഴുകും. ഈ വിഷയം വീണ്ടും കേരളം

ഉന്നയിക്കേണ്ടിയിരിക്കുന്നു. ഇത്തവണത്തെ ചെന്നൈയിലെ മഴയുടെ പശ്ചാത്തലത്തിൽ ഏതു സമയത്തുംവേണമെങ്കിലും മഴ പെയ്യാം. അത് ഡാമിനെ അപകടത്തിൽപ്പെടുത്തും. 120 കൊല്ലം പഴക്കമുള്ള ഡാമാണ്. അത്രയും പഴക്കമില്ലെങ്കിലും ഡാം കവിഞ്ഞൊഴുകിയാൽ പിന്നെ ഒരു ഡാമും നിലനിൽക്കുകയില്ല. അങ്ങനെയുള്ള ഒരു സ്ഥിതി വീണ്ടും ഉണ്ടായിരിക്കുന്നു എന്നുള്ളത് നമുക്ക് കേന്ദ്രഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും ശ്രദ്ധയിൽ വീണ്ടും കൊണ്ടു വരേണ്ടതുണ്ട്. 141.8 ആയാൽ വീണ്ടും ഷട്ടറുകൾ തുറന്നേയ്ക്കാം എന്നാണ് ഇന്ന് ഒരു മെസേജ് വന്നിരിക്കുന്നത്. ഇപ്പോൾ ഷട്ടറുകൾ അടച്ചിരിക്കുകയാണ്. കൺട്രോൾഡ് ആയിട്ട് ഷട്ടറുകൾ തുറന്നാൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കാൻ സാധിക്കും. അവിടത്തെ ആളുകളെ മാറ്റിപ്പാർപ്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. മുല്ലപ്പെരിയാറിന്റെ പഴക്കവും മഴ അതിശക്തിയായി പെയ്താലുണ്ടാകാവുന്ന ഒരു സ്ഥിതിയും കണക്കിലെടുത്തുകൊണ്ട് പ്രതിപക്ഷമോ ഭരണപക്ഷമോയെന്ന് നോക്കാതെ നമുക്ക് കൂട്ടായ നീക്കങ്ങൾ നടത്തേണ്ടിയിരിക്കുന്നു. സൂപ്പർവൈസറി കമ്മിറ്റി സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നില്ലായെന്ന് കാണിച്ച് ഒറിജിനൽ ഒ.പി. അടിയന്തരമായും ഫയൽ ചെയ്യാനുള്ള തീരുമാനങ്ങളും എടുത്തിട്ടുണ്ട്. ഈ

സാഹചര്യത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യമുണ്ടെന്ന് കരുതുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അടിയന്തരപ്രമേയം അവതരിപ്പാക്കാനുള്ള അനുമതി നൽകിയത് എനിക്കാണെങ്കിൽപോലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഒരു അടിയന്തര പ്രമേയം അവതരിപ്പിക്കുന്ന അതേ മനോഭാവത്തിലും മാനസികാവസ്ഥയിലും നിന്നിട്ടാണ് ഇതിന് മറുപടി പറഞ്ഞത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്നാണ് അവസാനിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. സഭ നിർത്തി വച്ച് ചർച്ച ചെയ്യാം എന്ന് പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അത്രമാത്രം ഗൗരവം ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകളിലുണ്ടായിരുന്നു. തുടക്കം മുതൽ ഇപ്പോൾ വരെയുള്ള ഓരോ കാര്യങ്ങളെടുത്ത് പരിശോധിക്കുമ്പോഴും പ്രായോഗിക തലത്തിൽ ഇക്കാര്യങ്ങൾ കൊണ്ടുവരാൻ കഴിയുന്നില്ലായെന്നതാണ് ഇതിന്റെ ഏറ്റവും ഗുരുതരമായ പ്രശ്നം. സൂപ്പർവൈസറി കമ്മിറ്റിയെ സജീവമാക്കി പ്രവർത്തിപ്പിക്കാൻവേണ്ടി ഒറിജിനൽ ഒ.പി. ഫയൽ ചെയ്യാമെന്നാണ് അങ്ങ് പറഞ്ഞതിന്റെ അവസാന കണ്ടന്റായിട്ട് എനിക്ക് തോന്നുന്നത്. ഈ ഒറിജിനൽ ഒ.പി.-ക്ക് വെള്ളം തടഞ്ഞു നിർത്താൻ സാധിക്കുമോ; ഡാമിന്റെ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുമോ; സുപ്രീംകോടതിക്കോ

ഭരണഘടനാ ബഞ്ചിനോ അത് ചെയ്യാൻ കഴിയുമോ? ഡാം സുരക്ഷിതമാണെന്ന് ഇവർക്കാർക്കും പറയാൻ സാധിക്കുകയില്ല. ഡാം സുരക്ഷിതമല്ലായെന്ന് തെളിയിക്കുന്ന ഒട്ടനവധി റിപ്പോർട്ടുകൾ അങ്ങയുടെ മറുപടിയുടെ ഭാഗമായും വന്നിട്ടുണ്ട്. ഇത് വീണ്ടും നിയമസഭയ്ക്ക് അകത്തും പുറത്തും നമ്മൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. നമ്മൾ നിസ്സഹായാവസ്ഥയിലും പ്രതിരോധത്തിലും നിൽക്കുകയാണ്. നമ്മൾ പറയുന്നത് തമിഴ്നാട്ടിലെ ജനങ്ങളോ കോടതിയോ വിശ്വസിക്കുന്നില്ല. നമ്മളെ മാനിക്കുന്നില്ല, ഗവൺമെന്റിനെ മാനിക്കുന്നില്ല. നമ്മുടെ ആശങ്കകൾ പരിഗണിക്കുന്നില്ല. ജനങ്ങൾക്കുണ്ടാകുന്ന ആകാംക്ഷയെ കണക്കിലെടുക്കുന്നില്ല. ഇനി എവിടെയാണ് നമ്മൾ നമ്മുടെ പ്രശ്നങ്ങൾ അവതരിപ്പിക്കേണ്ടത് എന്നുപറയുന്ന വലിയ സന്ദേഹത്തിൽ നിൽക്കുകയാണ്. ഒന്നും രണ്ടും അടി അല്ല, കടലിന്റെ നിരപ്പിൽ നിന്നും 2845 അടി ഉയരത്തിലാണ് ഈ ഡാം നിൽക്കുന്നത്. കടലിൽ നിന്നും 2000 അടി ഉയരത്തിലാണ് വണ്ടിപ്പെരിയാർ പഞ്ചായത്ത്, ഡാമിന്റെ അടിസ്ഥാനം നിൽക്കുന്നത് വണ്ടിപ്പെരിയാർ പഞ്ചായത്തിലാണ്. ഡാമിന്റെ അടിസ്ഥാനം നിൽക്കുന്നത് 2000 അടി ഉയരത്തിലാണ്. ഇന്നലെ 845 അടി ഉയരത്തിൽ നിന്നും താഴേയ്ക്കാണ് 4200 ഘന അടി വെള്ളം ഒഴുകിയെത്തിയത്. ഒഴുകിപ്പോകുന്ന വെള്ളം

കഴിഞ്ഞ് ഏതാണ്ട് 443.23 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് ഡാമിൽ കെട്ടി നിർത്തിയിരിക്കുന്നത്. നാല് ജില്ലകളെ അക്ഷരാർത്ഥത്തിൽ വെള്ളത്തിൽ മുക്കിക്കൊല്ലാൻ കഴിയുന്ന ഒരു വാട്ടർ ബോംബാണെന്ന് അങ്ങ് ആവർത്തിച്ച് പറയുമ്പോഴും ബഹുമാനപ്പെട്ട മന്ത്രി, നിഷ്ക്രീയനായി, നിസ്സഹായനായി ഈ കാര്യങ്ങൾ ആവർത്തിക്കുകയാണ് ചെയ്യുന്നത്. ഇന്നും ഈ സഭയിൽ അങ്ങയുടെ മറുപടിയുടെ ഭാഗമായി ഈ നിസ്സഹായത വീണ്ടും ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ സർവ്വകക്ഷി യോഗത്തിൽ നമ്മൾ എന്തെല്ലാം തീരുമാനങ്ങളെടുത്തു. അതിൽ ഏതെങ്കിലുമൊരു തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞുവോ എന്നതാണ് പ്രശ്നം. ഒരു ഗവൺമെന്റിന്റെ നിഷ്ക്രീയത്വവും ഒരു വിഷയത്തിലും ഇടപെടാത്ത നിസ്സഹായമായ നിലപാടും കാരണം ഇത് വീണ്ടും നിയമസഭയുടെ മുൻപിലേയ്ക്കും മറ്റു വേദികളിലേയ്ക്കും കൊണ്ടുവന്ന് ചർച്ച ചെയ്യേണ്ട ഒരു ഗതികേടാണ് യഥാർത്ഥത്തിലുണ്ടാകുന്നത്. ഒരു മന്ത്രി തന്നെ നിസ്സഹായത ഈ വേദിയിൽ പറഞ്ഞാൽ പിന്നെ ആരോടാണ് ഞങ്ങൾ പരാതി പറയുന്നത്. ഗവൺമെന്റാണ് ഇടപെടേണ്ടത്, ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നില്ല. ഗവൺമെന്റ് നിസ്സഹായമായി നിൽക്കുകയാണ്. ഒരു ചർച്ചയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്? ഇതിനുവേണ്ടി

മാത്രമായി നമ്മൾ നിയമസഭാ സമ്മേളനം കൂടി. ആ സമ്മേളനത്തിൽ ബഹുമാന്യനായ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ ഗൗരവതരമായ ഒട്ടനവധി വിഷയങ്ങളുണ്ട്. ഏതെങ്കിലും ഒരു കാര്യം ചെയ്യാൻ കഴിഞ്ഞുവോയെന്ന് പരിശോധിക്കണ്ടേ? അതിൽ ഏറ്റവും ഗൗരവമായി പറഞ്ഞിരിക്കുന്നത്, സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് ആന്റ് സർവെലൻസിനുവേണ്ടി അഞ്ച് അൾട്രാസോണിക് ഡിസ്ചാർജ്ജ് ഗേജ് സ്ഥാപിക്കുന്നതിനും ഇന്റഗ്രേറ്റഡ് ടെക്നോളജി ഉപയോഗിക്കുന്നതിനും റേഡിയോ ബേസ്ഡ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനും സീപ്പേജ് വാട്ടറിന്റെ ലെവൽ അറിയുന്നതിനുള്ള റിയൽ ടൈം വീഡിയോ ഡേറ്റാ തയ്യാറാക്കുന്നതിനുള്ള നടപടികളെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്നാണ്. ഈ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ ഈ സർക്കാർ ഇടപെടാനോ ചെയ്യാനോ കഴിഞ്ഞിട്ടുണ്ടോ? ബഹുമാന്യനായ മന്ത്രി ഇതിനുവേണ്ടി മാത്രം പ്രത്യേകമായി വിളിച്ചുകൂട്ടിയ നിയമസഭാ സമ്മേളനത്തിൽ ഈ നിയമസഭയിൽ ഉറപ്പുതന്ന കാര്യമാണ്. പ്രാഥമികമായി കിട്ടിയ വിവരങ്ങളനുസരിച്ച് ഡാം തകർന്നാൽ അഞ്ച് പഞ്ചായത്തുകൾക്കാണ് ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിക്കാൻ സാദ്ധ്യതയുള്ളത്. ഡിസാസ്റ്റർ മാനേജ്മെന്റിനുള്ള

തുക രണ്ട് കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ തുക എവിടെ പോയി? അവിടെ ആർക്കും ഒരു പൈസയും കിട്ടിയതായി ഞങ്ങൾക്കാർക്കും അറിയില്ല. സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ നേതൃത്വത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് ഗവൺമെന്റ് 60 ലക്ഷം രൂപ മുടക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ബേസ്ഡ് ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റിനുവേണ്ടിയുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആക്ഷൻ പ്ലാനുണ്ട്, ആക്ഷനൊന്നും നടക്കുന്നില്ല. എത്ര ദയനീയമായ സ്ഥിതിയാണ്? ഓരോ ചർച്ചയുണ്ടാകുമ്പോഴും ഒട്ടനവധി കാര്യങ്ങൾ ഈ നിയമസഭയുടെ മുന്നിലേയ്ക്ക് വരുന്നുണ്ട്. നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ദാ...ഞങ്ങൾ ചെയ്യാൻ പോകുന്നു എന്ന് പറയുന്നുണ്ട്. ഒരു കാര്യത്തിലും ഒരു നടപടിയുമുണ്ടാകുന്നില്ലെന്നുള്ളതാണ് ഏറ്റവും ഗൗരവമായ പ്രശ്നം. മറ്റൊരു കാര്യം അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ചർച്ചയുടെ ഭാഗമായി അദ്ദേഹം പറഞ്ഞ ഗൗരവകരമായ പ്രശ്നം.......... നിയമസഭയ്ക്കകത്തും പുറത്തും ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി ആവർത്തിച്ച പല കാര്യങ്ങളുണ്ട്. അന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ ചർച്ചയുടെ ഭാഗമായിട്ടാണ് ഈ വിശദീകരണം വന്നിട്ടുള്ളത്. വെള്ളം 136 അടിയിൽ നിന്നും 120 അടിയായി കുറയ്ക്കേണ്ടതും പുതിയ സംരക്ഷണ ഡാം നിർമ്മിക്കേണ്ടതും

അത്യാവശ്യമാണ്. അദ്ദേഹം പറഞ്ഞത്, ഡാം നിർമ്മിക്കുന്ന കാര്യമല്ല, പുതിയ ഡാം കെട്ടുന്ന കാര്യവുമല്ല, സംരക്ഷണ ഡാമിനെ സംബന്ധിച്ചാണ് പലവട്ടം ആവർത്തിച്ച് പറഞ്ഞത്. ഇന്ന് അതിനെ സംബന്ധിച്ച ഒരു പരാമർശമുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അങ്ങയുടെ വാക്കുകളിലൊന്നും സംരക്ഷണ ഡാമിനെക്കുറിച്ച് മിണ്ടുന്നേയില്ല. സംരക്ഷണ ഡാം നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് അന്നത്തെ ചർച്ചയുടെ ഭാഗമായി പറയുന്നു. പുതിയ ഡാം നിർമ്മിക്കുന്നതിന് അഭിപ്രായ ഐക്യത്തിനുവേണ്ടി കാത്തു നിൽക്കേണ്ട കാര്യമില്ല. ഉന്നതതലത്തിലുള്ള ചർച്ചകളെല്ലാം ഉയർന്നുവന്നിട്ടുള്ളത് ഈ പ്രശ്നത്തിൽ മുൻകരുതൽ നടപടി സ്വീകരിക്കുന്നതിന് തന്നെയാണ്. അപകട സൂചനയുണ്ടായാൽ സുരക്ഷിതത്വത്തിനുവേണ്ടി ഏതൊരു സംസ്ഥാനത്തിനും ആക്ട് ചെയ്യാമെന്നുള്ളതാണ് ലോകതത്വം. ഈ തത്വം അങ്ങ് എത്രയോ പ്രാവശ്യം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയുണ്ടായെങ്കിൽ ഗവൺമെന്റ് ആക്ട് ചെയ്യേണ്ടേ? ഹുസൈന്റെ കാര്യവും ഒറിജിനൽ ഒ.പി.യുടെ കാര്യവും ഇനി പറയേണ്ട; ജനങ്ങളുടെ സ്വത്തിനും ജീവനും സുരക്ഷിതത്വം ഉറപ്പുവരുത്താൻ സർക്കാരിന് എന്തുചെയ്യാൻ കഴിയും? നമ്മളെന്തിനാണ് തമിഴ്നാടിനെ കുറ്റം പറയുന്നത്. അങ്ങയുടെ മറുപടിയിൽ

പറഞ്ഞല്ലോ, എട്ട് ഷട്ടറുകൾ തുറക്കുമ്പോൾ അവിടെ നിന്ന ജില്ലാ കളക്ടറോടുപോലും പറയാനുള്ള മര്യാദ കാട്ടിയില്ല എന്ന്. അവിടെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചിരുത്തി സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട യോഗം കൂടുന്ന അതേ സമയത്ത് തേനി കളക്ടർ കുമിളിയിൽ വന്ന് ഷട്ടർ തുറക്കാൻ തീരുമാനിക്കുന്നു. അവിടെ നിൽക്കുന്ന ജില്ലാ കളക്ടറോട് പറയാനുള്ള മര്യാദ പോലും കാണിക്കുന്നില്ല. ജില്ലാ കളക്ടർ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചിരുത്തി പറയുന്നു അങ്ങനെ ഷട്ടർ തുറക്കേണ്ടിവന്നാൽ നമുക്ക് അനൗൺസ്മെന്റുണ്ടാകും പന്ത്രണ്ട് മണിക്കൂർ മുമ്പ് ഓപ്പറേഷൻ മാന്വൽ എനിക്ക് കിട്ടും, ആ ഓപ്പറേഷൻ മാന്വൽ എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഞാൻ നിങ്ങളെ അറിയിക്കും എന്ന്. ഒരു ഓപ്പറേഷൻ മാന്വലും കിട്ടിയില്ല. ജില്ലാ കളക്ടറും ജില്ലാ ഭരണകൂടവും നോക്കുകുത്തിയായി. അവിടെ സേനയുണ്ട് എന്ന് പറയുന്നു, സേനയ്ക്ക് ഇടപെടാനും ആക്ട് ചെയ്യാനും കഴിഞ്ഞില്ല. സേന അറിഞ്ഞില്ല, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരറിഞ്ഞില്ല. ജില്ലാ ഭരണകൂടം അറിഞ്ഞില്ല അവിടെയുണ്ടായിരുന്ന ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരറിഞ്ഞില്ല. ഇതെന്തു ഭരണമാണ്, ഇതെന്തു ഗവൺമെന്റാണ്, ഒരു ഗവൺമെന്റ് ഇത്രമാത്രം നിഷ്ക്രീയമായി പോകുമോ? ഇതുപോലെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന ഇത്രയും ഗുരുതരമായ

ഒരു വിഷയത്തിൽ ഇതിനേക്കാൾ വലിയ ഒരു അലംഭാവം ഈ ഗവൺമെന്റ് കാണിക്കുകയെന്ന് പറഞ്ഞാൽ നമുക്ക് അതിനെ രാഷ്ട്രീയമെന്നൊന്നും പറയാൻ കഴിയില്ല. ഗവൺമെന്റ് നിസ്സഹായമായി നിൽക്കുകയാണ്. ഈ നിസ്സഹായതയിൽ നിന്ന് ഗവൺമെന്റ് ഉണർന്ന് എഴുന്നേൽക്കേണ്ട സമയം കഴിഞ്ഞിട്ടുണ്ട്. ഇതുപോലെ ഒരു വിഷയത്തിൽ ഇത്രമാത്രം അലംഭാവം കാണിക്കുക.... ഇപ്പോൾ മറുപടിയുടെ ഭാഗമായി ഒരു കെട്ട് കാര്യങ്ങൾ പറയും. ഇവിടെ നിയമസഭയിൽ ഏതാണ്ട് 354 പേജുള്ള ഒരു പുസ്തകം ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് പ്രത്യേക റിപ്പോർട്ടാണിത്. 354 പേജുള്ള പുസ്തകം, നിയമസഭയിലെ വിവിധ നടപടിക്രമങ്ങളടക്കം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുസ്തകമാണ്. ഈ ബുക്കിന്റെ പേജുകളുടെ എണ്ണം കൂട്ടുന്നതിനുവേണ്ടി ഇവിടെ ഒരു ചർച്ച നടക്കുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. എങ്ങനെ ക്രിയാത്മകമായി ഈ വിഷയത്തിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയും, എന്താണ് ഗവൺമെന്റിന് ചെയ്യാൻ കഴിയുക, ഈ നിയമസഭയ്ക്കകത്തും പുറത്തും സർക്കാർ എടുക്കുന്ന നിലപാടുകളിൽ എത്രമാത്രം സർക്കാരിന് മുന്നോട്ട് പോകാൻ കഴിയുമെന്നുള്ള ഒരു ഉറപ്പ് ഇനിയെങ്കിലും പറയാൻ കഴിയണ്ടേ? വെള്ളം തുറന്നുവിട്ടതിനെത്തുടർന്ന് ആളുകൾ പരിഭ്രാന്തരായി ഓടുകയാണ്. ആയിരം മില്യൻ ക്യൂബിക് ഫീറ്റ്

വെള്ളമാണ് ഇന്നലെ രാവിലെ 8 മണി മുതൽ 5.45 വരെ ഇടുക്കി ഡാമിലേയ്ക്ക് ഒഴുകിയെത്തുന്ന സാഹചര്യമുണ്ടായത്. വീണ്ടും ഇന്ന് രാവിലെ 6 മണിയായപ്പോഴേയ്ക്കും 8 ഷട്ടറും അടയ്ക്കുന്ന സാഹചര്യമുണ്ടായി. 141.7 അടി വെള്ളം നിലനിർത്തിയിട്ടാണ് ഈ ഷട്ടറുകൾ അടയ്ക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നത്. എത്ര ഗുരുതരമായ ഒരു വിഷയമാണ്; എത്ര ലാഘവത്തോടുകൂടി കൈകാര്യം ചെയ്യുന്നു? ഒരു ഗവൺമെന്റ് നിഷ്ക്രീയമായി നിൽക്കുന്നു. കളക്ടറുടെ പ്രത്യേക അധികാരം പ്രയോജനപ്പെടുത്തിക്കൊണ്ട് മുൻകാലങ്ങളിൽ കളക്ടർമാർ ചെയ്ത കാര്യങ്ങൾപോലും ഇപ്പോൾ ചെയ്യാൻ മടി കാണിക്കുന്നതെന്തുകൊണ്ടാണ്? അവിടെ ജനങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഒട്ടനവധി കാര്യങ്ങൾ ചെയ്തുവെന്ന് പറയുമ്പോഴും ഇന്നലെ ഡാം തുറന്നുവെന്നും ഷട്ടറുകൾ ഉയർത്തിയെന്നും പറയുന്ന സമയത്തും ആസ്കാ ലൈറ്റുള്ള സംവിധാനങ്ങൾ അടക്കം മുഴുവൻ ക്രമീകരണങ്ങളും അവിടെയുണ്ടാകുമെന്ന് പറഞ്ഞിട്ടും ഇന്നലെ ഇതിനുള്ള യാതൊരു ക്രമീകരണങ്ങളും അവിടെയുണ്ടായിരുന്നില്ല. ഏകദേശം പന്ത്രണ്ട് മണിയോടുകൂടിയാണ് ആ ക്രമീകരണങ്ങളൊക്കെ അവിടെ ഉണ്ടാക്കാൻ സാധിച്ചത്. പരമാവധി ജലം കൊണ്ടുപോകുന്നതിനുവേണ്ടി 26-ാം തീയതിയാണ് ജില്ലാ കളക്ടറുടെ യോഗം വിളിച്ചുകൂട്ടുന്നത്. 136 അടിയിൽ നിന്ന് ജലം 142 അടിയിലേയ്ക്ക് ഉയരാൻ

തുടങ്ങിയപ്പോൾ മുതൽ നമ്മൾ കാണിക്കേണ്ട ജാഗ്രത, ആ ജില്ലയിലെ മന്ത്രിയായ ജോസഫ് സാറിനുപോലും ഒരു യോഗം വിളിച്ചു ചേർക്കാൻ കഴിഞ്ഞില്ല. 26-ാം തീയതി ഞങ്ങൾ നിർബന്ധിച്ചതിനുശേഷമാണ് ജില്ലാകളക്ടർ ഒരു യോഗം വിളിക്കുന്നത്. 136 അടിയിൽ നിന്നും വെള്ളം കൂടിക്കൊണ്ടിരിക്കുന്നു, മഴ പെയ്തുകൊണ്ടിരിക്കുന്നു. മഴ തുടരുന്ന സാഹചര്യത്തിൽ അടിയന്തരമായി യോഗം കൂടിയില്ലായെങ്കിൽ ഉണ്ടാകാവുന്ന ഭവിഷത്തുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുന്ന ആ യോഗത്തിൽപ്പോലും വേണ്ടത്ര പണം സംസ്ഥാന സർക്കാരിന് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. അന്ന് ആ പഞ്ചായത്ത് പ്രസിഡന്റുമാരോടു പറഞ്ഞു നിങ്ങൾ അടിയന്തരമായി എസ്റ്റിമേറ്റ് എടുക്കൂ ബാക്കി കാര്യങ്ങൾ ചെയ്യൂ എന്ന്. ഒന്നും നടന്നില്ല. ഇന്നലെ വരെയും, ഇപ്പോൾ വരെയും പരിമിതമായ ഏതാനും ചില കാര്യങ്ങൾ.... ഇന്നലെ അവിടെ പറയുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഷെൽറ്ററുകളിൽ വെളിച്ചം പോലുമില്ല. എട്ട് പ്രാവശ്യമാണ് ആ പ്രദേശത്ത് കറന്റ് കട്ടുണ്ടായത്. ഈ പറയുന്ന ദുരന്ത ബാധിത പ്രദേശത്ത്, വെള്ളമൊഴുകി, പ്രളയമുണ്ടായിക്കൊണ്ടിരിക്കുന്ന പ്രദേശത്ത് എട്ട് പ്രാവശ്യം കറന്റ് കട്ടുണ്ടായി. ഒരു സർക്കാർ ഇത്രമാത്രം അലംഭാവം ..... കറന്റ് കട്ടുണ്ടാവില്ല, വൈദ്യുതി പോകില്ല, നിങ്ങളുടെ സുരക്ഷ ഞങ്ങൾ ഉറപ്പാക്കും എന്ന് ആവർത്തിച്ച്

പറയുന്ന ഭരണകൂടം. ആളുകൾ വിളിക്കുകയാണ്, കുട്ടികളടക്കം, രോഗികളടക്കം, മുതിർന്നവരടക്കം പരിഭ്രാന്തരായി നിൽക്കുന്ന ഒരു സ്ഥലത്ത് ആവശ്യമായ വെളിച്ചം പോലും എത്തിക്കാൻ കഴിഞ്ഞില്ല. അവിടെ ജില്ലാ ഭരണകൂടം ഇടപെടാനും ക്രിയാത്മകമായി പ്രവർത്തിക്കാനും കഴിയാത്ത സാഹചര്യമുണ്ടായി. ഇവിടെ വളരെ ഗൗരവകരമായി ചർച്ച ചെയ്യേണ്ട ഒട്ടനവധി വിഷയങ്ങൾ പല നിയമസഭാ സമ്മേളനങ്ങളുടെ ഭാഗമായും പ്രത്യേകം നിയമസഭാ സമ്മേളനങ്ങളുടെ ഭാഗമായും സർവ്വകക്ഷി യോഗങ്ങളുടെയും ഭാഗമായും ഒക്കെ ഉയർന്നുവന്നിട്ടുണ്ടെങ്കിൽപ്പോലും ഈ പ്രശ്നത്തെ അത്തരത്തിൽ ഗൗരവതരമായി കാണാൻ സാധിക്കുന്നില്ല. യാന്ത്രികമായി പറയുന്ന മറുപടികളല്ല നമുക്കാവശ്യം. യാന്ത്രികമായി പറയുന്ന മറുപടികൾക്കപ്പുറം യഥാർത്ഥത്തിൽ ഈ പ്രശ്നം ഏതുവിധത്തിലാണ് നമുക്ക് കൈകാര്യം ചെയ്യാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് ഗൗരവതരമായി ഈ നിയമസഭ നിർത്തിവച്ചുതന്നെ ചർച്ച ചെയ്യണം. എല്ലാ കോടതി നിർദ്ദേശങ്ങളെയും കാറ്റിൽ പറത്തുകയാണ്. കോടതി നിർദ്ദേശങ്ങൾ തമിഴ്നാടിന് ബാധകമല്ല എന്നുപറയുന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. അതുകൊണ്ടാണ് ഉന്നതാധികാര സമിതിയെ അറിയിച്ച് സൂപ്പർവൈസറി കമ്മിറ്റിയെ അറിയിച്ച് ഓപ്പറേഷൻ മാന്വൽ നൽകി

വേണം ഡാമിന്റെ ഷട്ടറുകൾ തുറക്കാൻ എന്നുപറയുന്ന നിലപാട് അവർ അംഗീകരിക്കാത്തത്. അതുകൊണ്ടാണ് ജില്ലാകളക്ടറെയും ജില്ലാഭരണ കൂടത്തെയും അറിയിക്കുന്നതിനുള്ള മനസ്സ് അവർ കാണിക്കാത്തത്. ഷട്ടറുകൾ തുറക്കുന്നതിന് മുമ്പായി ഏറ്റവും അടുത്ത് ഉണ്ടായിരുന്ന ജില്ലാകളക്ടറെപ്പോലും അവിടെയുണ്ടായിരുന്ന തേനി കളക്ടർ വിവരം ഒന്നറിയിക്കുവാനുള്ള മനസ്സ് കാണിച്ചില്ല എന്നുപറയുന്നതിനെ അവരുടെ ധാർഷ്ട്യം എന്നുപറയേണ്ട? അവർ അവരുടെ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയും വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അവർക്ക് കൊണ്ടുപോകാൻ കഴിയുന്ന വെള്ളത്തിന് ഒരളവുണ്ട്. 1816 ഘന അടിവെള്ളം മാത്രമേ അവർക്ക് ഇവിടെ നിന്നും കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനേക്കാൾ കൂടുതൽ വെള്ളം ഡാമിലേക്ക് ഒഴുകിയെത്തുകയും ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും ഇവിടെ മറുപടി പറഞ്ഞ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു ദുരന്തത്തിലേക്ക് കാര്യങ്ങൾ എത്താൻ പോകുന്നുവെന്നുള്ളതിന്റെ സൂചന വന്നപ്പോഴാണ് അവർ നമ്മളോട് പറയാതെ ഷട്ടർ തുറക്കാൻ ഇടയായത്. കാരണം ഷട്ടറിന്റെ ഗുരുതരാവസ്ഥയെക്കുറിച്ച്

അവർക്ക് ബോദ്ധ്യമുണ്ട്. അവർക്ക് ബോദ്ധ്യമില്ലാത്തതുകൊണ്ടല്ല. അതുകൊണ്ടാണ് 141.9 ആയപ്പോഴേക്കും ഷട്ടറുകൾ തുറന്ന് ഡാമിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻവേണ്ടി ശ്രമിക്കുന്നത്. നമ്മൾ പറയുന്ന വാക്കുകൾക്കപ്പുറത്ത്, യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ജനങ്ങളുടെ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നില്ല. പരമാവധി ജലം ഇവിടെ സംഭരിച്ചുനിർത്തുകയാണ്. ജലം സംഭരിച്ചുനിർത്തുന്നത് നമ്മുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന ഒരുവിധ നടപടികളോടും സർക്കാർ യോജിക്കാൻ പാടില്ല. ശക്തമായിട്ടുള്ള നിലപാട് സ്വീകരിക്കണം. ഇനിയെങ്കിലും കേന്ദ്ര ഗവൺമെന്റിനെ ഇടപെടുത്താൻ സാധിക്കേണ്ടതാണ്. കേന്ദ്രഗവൺമെന്റിനെ ഇടപെടുത്തിക്കൊണ്ടുള്ള ഒരു രാഷ്ട്രീയ സമവായമാണ് നമുക്കാവശ്യം. 'തമിഴ്നാടിന് ജലം, കേരളത്തിന് സുരക്ഷ' ഇതാണ് ഒരു സബ്സ്റ്റാന്റീവ് മോഷൻ. കേരള നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും നമ്മൾ എല്ലാവരും കൂടി പാസ്സാക്കിയ സബ്സ്റ്റാന്റീവ് മോഷന്റെ ഹെഡ്ഡിംഗ് തന്നെ അതാണ്. ഐകകണ്ഠ്യേന ഈ സബ്സ്റ്റാന്റീവ് മോഷൻ പാസ്സാക്കിയതാണ്. എന്തുനടപടിയാണ് സ്വീകരിച്ചത്; നമുക്ക് കേന്ദ്രത്തിൽ

പോകാൻ കഴിഞ്ഞോ; കഴിഞ്ഞ കേന്ദ്രഗവൺമെന്റിന്റെ കാലത്തും ഈ കേന്ദ്രഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നം വേണ്ടവിധം അവതരിപ്പിക്കാനായി നമ്മുടെ ഗവൺമെന്റിന് കഴിയാതെ പോകുന്നു. വേണ്ടവിധം ഭരണകൂടത്തിന്റെ ശ്രദ്ധയിലേക്ക് ഈ വിഷയം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. കേരളത്തിന്റെ മാത്രം പ്രശ്നമല്ല. രാജ്യത്തെ ആകെ ബാധിക്കുന്ന പ്രശ്നമെന്നുള്ള നിലയിൽ ഈ പ്രശ്നം അവതരിപ്പിക്കാൻ വളരെ ഗൗരവമായി പാർലമെന്റിൽ എഴുന്നേറ്റ് നിന്ന് ഈ പ്രശ്നം സംസാരിക്കാൻ പോലും കഴിയാത്തവിധം, മുല്ലപ്പെരിയാർ എന്നുള്ള വാക്ക് അവിടെ എം.പി. മാർ പറഞ്ഞുകഴിഞ്ഞാൽ അപ്പോൾത്തന്നെ അവിടെ ഒച്ചപ്പാടും ബഹളവും ആരംഭിക്കുകയാണ്. അതല്ലാത്ത ഒരു സാഹചര്യത്തിൽ പ്രധാനമന്ത്രിയെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെയും കണ്ട് കേന്ദ്ര ഗവൺമെന്റിനെ സമ്മർദ്ദം ചെലുത്തി ഒരു സമവായമുണ്ടാക്കാൻ ഒരു ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണ്ടേ; അതിനുള്ള ശ്രമം ഉണ്ടാകുന്നില്ല. സർവ്വകക്ഷി യോഗതീരുമാനത്തിന്റെ ഒന്നാമത്തേത് ഇതാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഡാമിന്റെ

സുരക്ഷാകാര്യങ്ങൾ സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കും. മുഖ്യമന്ത്രി, അങ്ങയുടെ നേതൃത്വത്തിൽ കൂടിയ സർവ്വകക്ഷി യോഗത്തിലെ തീരുമാനമാണ്. അന്തർദേശീയതലത്തിൽ പഠനസംഘത്തെ നിയോഗിക്കുന്നതിന് കേന്ദ്രത്തിന്റെ അനുമതി വാങ്ങും. കേന്ദ്രസർക്കാരിനെ ഇക്കാര്യത്തിൽ ഇടപെടുത്തുന്നതിനും സമയവായം ഉണ്ടാക്കുന്നതിനും സർവ്വകക്ഷിസംഘം കേന്ദ്രഗവൺമെന്റിനെ കാണുന്നതിനും ഇടപെടുത്തുന്നതിനും തക്കവിധത്തിൽ അടയന്തരമായി ഇടപെടണം. ഇത് അങ്ങയുടെ യോഗതീരുമാനമാണ്. സർവ്വകക്ഷി യോഗത്തിന്റെ തീരുമാനങ്ങൾ തീരുമാനങ്ങൾക്കപ്പുറത്ത് പ്രായോഗികതലത്തിലേക്ക് കൊണ്ടുവരുന്നതിന് പലപ്പോഴും നമുക്ക് പരാജയം ഉണ്ടാകുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇതുപോലൊരു വിഷയത്തിൽ പൂർണ്ണപരാജയമായി മാറി എന്നുള്ളതാണ് കേരളത്തിലെ ജനങ്ങളുടെ കടുത്ത ആശങ്കയ്ക്ക് ഇന്ന് കാരണമായിരിക്കുന്നത്. നിസ്സഹായതോടുകൂടി, ഇന്നലെ എട്ട് ഷട്ടറുകൾ ഓപ്പൺ ചെയ്തപ്പോൾ മലവെള്ളപ്പാച്ചിൽ പോലെ ആറടി, എട്ടടി ഉയരത്തിൽ വെള്ളം എത്തുമ്പോൾ നിസ്സഹായതയോടുകൂടി ആളുകൾ ജീവനും കൊണ്ടോടി രക്ഷപ്പെടേണ്ടുന്ന സാഹചര്യം ഉണ്ടായി. ഗവൺമെന്റ് തന്നെ നിസ്സഹായ അവസ്ഥയിലാണ്.

നിസ്സഹായ അവസ്ഥയിൽ നിന്നുകൊണ്ടാണ് മന്ത്രിയും മറുപടി പറയുന്നത്. എത്രയോ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഈ മുല്ലപ്പെരിയാർ പ്രശ്നം, ആളുകളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കേണ്ടതുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നം, ഇന്ന് പൊട്ടുമോ, പൊട്ടില്ലേ എന്നുപറയുന്ന യാന്ത്രികമായ ചോദ്യത്തിനപ്പുറം പരിഹാസത്തിനപ്പുറം ഒരു ജനതയനുഭവിക്കുന്ന ദുരിതവും വേദനയും എന്താണെന്ന് തിരിച്ചറിയാനും അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ആത്മാർത്ഥമായി ഇടപെടാനും ഈ ഗവൺമെന്റിന് കഴിയണം. അതല്ലാതെ യാന്ത്രികമായി പറയുന്ന മറുപടികൾ ഒരു കാരണവശാലും തൃപ്തികരമല്ല, രാഷ്ട്രീയ സമവായം ആവശ്യമായി നിൽക്കുന്നു. കോടതികൾ അല്ല ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. കോടതികൾക്ക് അവരുടെ മുമ്പിൽ കിട്ടുന്ന തെളിവിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

<u>മി. സ്പീക്കർ:</u> യെസ്....പ്ലീസ് കൺക്ലൂഡ്....

<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u> സർ, കോടതികൾക്കപ്പുറത്ത് ഒരു രാഷ്ട്രീയ സമവായമുണ്ടാക്കി ഈ പ്രശ്നത്തിൽ കേന്ദ്രഗവൺമെന്റിനെ ഇടപെടുത്തുന്നതിന്, രണ്ടു സംസ്ഥാന മുഖ്യമന്ത്രിമാർ ഇരുന്ന് ഈ പ്രശ്നം ചർച്ച

ചെയ്ത് പരിഹാരമുണ്ടാക്കുന്നതിനുമുമ്പായി നിരവധി വേദികളിൽ ഇവിടെ ആവർത്തിച്ച സംസ്ഥാന സർക്കാർ, ഈ നിയമസഭയ്ക്ക് ഉറപ്പുതന്ന, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ഇനി കാലതാമസമുണ്ടാകരുത്. കേരളത്തോട് ചോദിക്കാതെ ഷട്ടറുകൾ അവരുടെ സൗകര്യത്തിന് തുറന്നുവിട്ട ഓപ്പറേഷൻ മാന്വൽ പോലും നമുക്ക് നൽകാൻ സാധിക്കാതെ അവർ ഏകപക്ഷീയമായി ഷട്ടർ തുറന്നുവിട്ട സാഹചര്യം കേന്ദ്രഗവൺമെന്റിനെയും കോടതിയെയും ബോദ്ധ്യപ്പെടുത്താൻ കഴിയണം. ഓപ്പറേഷൻ മാന്വൽ അല്ല, ഓപ്പറേഷനിൽ ഒരു പങ്കാളിത്തം കേരളം ചോദിക്കുന്ന ഒരു സാഹചര്യമുണ്ടാകണം. ഇപ്പോൾ ഡാമിന്റെ സുരക്ഷമാത്രമാണ് നമ്മൾ നോക്കുന്നതെങ്കിൽ ഓപ്പറേഷനിൽ ഒരു പങ്കാളിത്തം ഉറപ്പാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ... ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ നൽകുന്ന കാര്യത്തിൽ അടക്കം ഗവൺമെന്റ് നിഷ്ക്രിയത്വം വിട്ട് ഉണരണം എന്നുള്ളതാണ് അഭ്യർത്ഥന. അടിയന്തരമായി ഈ വിഷയം ചർച്ച ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒരു മിനിട്ട്...പ്ലീസ്...ഇവിടെ

സ്ഥലം എം.എൽ.എ. ആയ ശ്രീ. കെ. കെ. ജയചന്ദ്രൻ, അദ്ദേഹത്തിന് ഒരു മിനിട്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ നടപടിക്രമങ്ങളിൽ......

ശ്രീ. സി. ദിവാകരൻ: സർ, അദ്ദേഹം ഇടുക്കി എം.എൽ.എ. ആണ്.

മി. സ്പീക്കർ: Sorry, എന്തായാലും ശ്രീ. കെ.കെ. ജയചന്ദ്രൻ ഒരു മിനിട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അടിയന്തരപ്രമേയത്തിൽ ഒരാളിന് മാത്രമേ സമയം അനുവദിക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് തെറ്റായ കീഴ്വഴക്കം ചെയർ സൃഷ്ടിക്കുന്നില്ല എന്നുള്ളത് എടുത്തുപറയട്ടെ.

ശ്രീ. പി. ജെ. ജോസഫ്: സർ, സുപ്രീം കോടതി 142 അടിവരെ വെള്ളം ഉയർത്താമെന്ന് പറഞ്ഞ പശ്ചാത്തലത്തിൽ എന്തുചെയ്യുമെന്നുള്ളത് നിഷ്പക്ഷമായി തന്നെ വിലയിരുത്തണം. അവിടെയൊരു സംരക്ഷണ ഡാം നിർമ്മിക്കുന്നതിന് എത്ര തുക ചെലവഴിച്ചാലും അങ്ങനെയൊരു ഡാം പണിയാം എന്നുള്ള നിലയിലാണ് അന്ന് ഇവിടെ മറുപടി പറഞ്ഞത്. അതിനുവേണ്ടിയുള്ള നടപടികളൊക്കെ നമ്മൾ ആരംഭിച്ചു. EIA സ്റ്റഡി നടത്തണം. കാരണം വനപ്രദേശത്താണ് അത് പണിയേണ്ടത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലത്തിന്റെ

അനുമതി കൂടാതെ നമുക്ക് ഡാം പണിയാൻ കഴിയില്ല. അക്കാര്യം ഒരു പരിധിവരെ മുന്നോട്ടുപോയതാണ്. അങ്ങനെ മുന്നോട്ടുപോയ പശ്ചാത്തലത്തിൽ വളരെ പെട്ടെന്ന് തമിഴ്നാടിൽ നിന്നും പ്രതിഷേധമുയർന്നപ്പോൾ അത് നിറുത്തിവച്ചുകൊണ്ട് കേന്ദ്രപരിസ്ഥിതി മന്ത്രാലയം ഓർഡർ പുറപ്പെടുവിച്ചു. ഇതുപോലുള്ള കാര്യങ്ങളിൽ ഏകപക്ഷീയമായ തീരുമാനമെടുക്കുന്നതിനെ നമുക്ക് എങ്ങനെ നേരിടാൻ കഴിയും; അതുകൊണ്ട് ഡാം പണിയുക എന്നുള്ള തീരുമാനത്തിൽ തന്നെ നമ്മൾ മുന്നോട്ട് പോകുകയായിരുന്നു. എത്രകോടിരൂപ ചെലവാക്കിയാലും അതിന് തയ്യാറാണ് എന്നുള്ള നിലയ്ക്കാണ് പ്രൊസീഡ് ചെയ്തത്. ഇവിടെ പറഞ്ഞ മറ്റ് വിഷയങ്ങളെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളില്ല. കേരളത്തിന് ഭീഷണിയായിട്ടുള്ള ഈ വിഷയത്തിന് പരിഹാരം കാണാൻ കേന്ദ്രഗവൺമെന്റ് ഇടപെടണം. കഴിഞ്ഞതവണ പ്രശ്നമുണ്ടായപ്പോൾ ഞങ്ങൾ ഡൽഹിയിൽ എത്തി അന്നത്തെ പ്രധാനമന്ത്രിയെ കണ്ട് രണ്ടു മുഖ്യമന്ത്രിമാരെയും കൂടി ഡൽഹിയിൽ വിളിപ്പിച്ച് ഒരു ചർച്ച നടത്താനുള്ള ഒട്ടേറെ ശ്രമങ്ങൾ നടന്നു. തമിഴ്നാട് മുഖ്യമന്ത്രി വരില്ല. ശ്രമം

നടത്താൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. ഇനി ഇക്കാര്യത്തിൽ രാഷ്ട്രീയമായ ഒരു തീരുമാനം ഉണ്ടാക്കാൻ..... എങ്ങനെ നമുക്ക് ഇടപെടാൻ കഴിയുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് വീണ്ടും നമുക്ക് കൂട്ടായി നീക്കങ്ങൾ നടത്താം. ഇപ്പോഴത്തെ സാഹചര്യത്തിൽ വെള്ളം 142 അടി എത്തുമ്പോൾ അത് ഒഴുക്കിവിടുന്നതിൽ ജനങ്ങൾക്ക് അപകടമുണ്ടാകരുത് എന്നുള്ള നിലയിലുള്ള കുറേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഷെഡ്യൂൾ കൃത്യമായി അവർ പാലിക്കുന്നില്ല. അല്ലെങ്കിൽ സെൻട്രൽ വാട്ടർ കമ്മീഷൻ പറഞ്ഞതുപോലെ പാലിക്കുന്നതിനുവേണ്ടിയുള്ള ഒരു ഒറിജിനൽ ഒ.പി. ഫയൽ ചെയ്യുമെന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ ഇനി ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയും പറയുന്നതാണ്. കൂട്ടായ നീക്കങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് നമ്മളെയെല്ലാം ഭീതിപ്പെടുത്തുന്ന ചില പ്രശ്നങ്ങൾ ഇവിടെ ചർച്ച

ചെയ്തതാണ്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ഇതിനോടകംതന്നെ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 02.12.2011-ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി യോഗം ചേർന്ന് ഒരു ക്രൈസിസ് മാനേജ് ചെയ്യുന്നതിനുവേണ്ടിയുള്ള ഉപദേശക സമിതിതന്നെ രൂപീകരിച്ചു. അവിടെയുള്ള പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2104 വാളന്റിയേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കുകയുണ്ടായി. വണ്ടിപ്പെരിയാർ, ഉപ്പുതറ, ഏലപ്പാറ, കാഞ്ചിയാർ, അയ്യപ്പൻകോവിൽ, കുമിളി എന്നീ ആറ് ഗ്രാമപഞ്ചായത്തുകളാണ് അവിടെയുള്ളത്. ഈ ആറ് ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷന്മാരായുള്ള ദുരന്തനിവാരണ കമ്മിറ്റികൾ രൂപീകരിച്ചു. 09.07.2012-നുതന്നെ ദ്രുതകർമ്മസേനയുടെ പരിശീലന പരിപാടിയും ഈ 2104 പേർക്കും നൽകി. 26.11.2015-ന് ഡാമിലെ വെള്ളം 137.8 അടി എത്തിയപ്പോൾത്തന്നെ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ചേർന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള യോഗമാണ് അവിടെ നടന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി ഇ. എസ്. ബിജിമോൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും അതിൽ പങ്കെടുത്തതാണ്. അതിനുശേഷമുള്ള നടപടിക്രമം എന്നുള്ള നിലയിൽ ജില്ലാ ഭരണകൂടം എല്ലാ ഡിപ്പാർട്ടുമെന്റുകളെയും

ഏകോപിപ്പിച്ചുകൊണ്ട് അവിടെ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളെക്കുറിച്ച് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നതാണ്. 03.12.2015-ന് ദുരന്തനിവാരണ സേനയുടെ സഹായം ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. 04.12.2015-നുതന്നെ ദുരന്തനിവാരണ സേനയുടെ സേവനം വിട്ടുനൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. 05.12.2015-ന് ആ ടീം അവിടെ എത്തിച്ചേരുകയുണ്ടായി. 26.11.2015-ന് കൂടിയ യോഗത്തിനുശേഷം 05.12.2015-നും 07.12.2015-നും യോഗം ചേരുകയുണ്ടായി. 142 അടിയായി ജലനിരപ്പ് കൂടിവരുന്നുവെന്ന് മനസ്സിലാക്കിയപ്പോൾത്തന്നെ സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയുമായി ബന്ധപ്പെട്ടുകൊണ്ട് വെള്ളം കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വെള്ളം കൊണ്ടുപോകുന്നതിനുള്ള ചില നടപടികൾ തമിഴ്നാട് സ്വീകരിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ, നിർഭാഗ്യവശാൽ ഡാമിലേയ്ക്ക് കൂടുതൽ വെള്ളം ഒഴുകിയെത്തുന്നതിനെത്തുടർന്ന് കഴിഞ്ഞ ദിവസം ഷട്ടർ താഴ്ത്തി, ഷട്ടർ താഴ്ത്തിവയ്ക്കുമ്പോഴാണ് വെള്ളം പുറത്തേയ്ക്ക് പോകാൻ അവസരം ഉണ്ടാകുന്നത്. ഷട്ടർ താഴ്ത്തുന്നതിന് 12 മണിക്കൂർ മുമ്പെങ്കിലും നമ്മളെ അറിയിക്കണം എന്നുള്ളതാണ് വ്യവസ്ഥ. തേനി ജില്ലാ കളക്ടറോട് അത് ആവശ്യപ്പെടുകയും ചെയ്തിരുന്നതാണ്.

ഇടുക്കി ജില്ലാ കളക്ടർ ശ്രീ. വി. രതീശൻ..........

ശ്രീ. സി. ദിവാകരൻ: സർ, ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ചല്ല ഇന്നത്തെ അടിയന്തര പ്രമേയം.

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ അതൊന്ന് ശ്രദ്ധിക്കണമായിരുന്നു. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും എന്തൊക്കെ ചെയ്തുവെന്നതിനെക്കുറിച്ചും ശ്രീമതി ഇ. എസ്. ബിജിമോൾ ചോദിച്ചുവെന്നുള്ളതുകൊണ്ടാണ് ഈ കാര്യങ്ങൾ ഇവിടെ ഞാൻ സൂചിപ്പിക്കുന്നത്.

06.12.2015-നുതന്നെ തേനി ജില്ലാ കളക്ടറുമായി ഇടുക്കി ജില്ലാ കളക്ടർ ബന്ധപ്പെട്ടുകൊണ്ട് ഈ ഷട്ടർ താഴ്ത്തുന്നതിന് 12 മണിക്കൂർമുമ്പ് അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. നിർഭാഗ്യവശാൽ അങ്ങനെ അറിയിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ഒരു കാര്യം ശരിയാണ്, ഇന്നലെ അവിടെ യോഗം വിളിച്ചുചേർത്തിരുന്നു. ആ യോഗം അവിടെ നടക്കുന്ന അവസരത്തിൽത്തന്നെ ഏകദേശം 7.30-ന് ആണ് ഷട്ടർ താഴ്ത്തിയത്. അവിടെ നിന്ന് ആളുകളെ ഇവാക്യേറ്റ് ചെയ്യുന്നതിനുള്ള എല്ലാ നടപടികളും ജില്ലാ ഭരണകൂടം നടത്തിയിട്ടുണ്ട്. ആവശ്യമായ എല്ലാ ക്രമീകരണങ്ങളും അവിടെ നടത്തിയിരുന്നു. പക്ഷെ അവിടെയുള്ള ആളുകൾ

അവിടെനിന്ന് മാറിപ്പോകാൻ തയ്യാറല്ല എന്നുള്ളതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി കാണുന്നത്.

ശ്രീ. സാജു പോൾ: മതി.... മതി....

ശ്രീ. അടൂർ പ്രകാശ്: അപ്പോൾ ഇത് ആവശ്യമില്ലല്ലോ; ചർച്ചയ്ക്ക് ആവശ്യപ്പെട്ടിട്ട് കാര്യങ്ങൾക്ക് മറുപടി പറയുന്നത് കേൾക്കാൻ കഴിയില്ലെങ്കിൽ പിന്നെന്തിനാണ് ഇത് അവതരിപ്പിച്ചത്? ഇത് ആരെയെങ്കിലും ബോദ്ധ്യപ്പെടുത്താൻവേണ്ടി മാത്രം അവതരിപ്പിച്ചതാണെന്ന് നമുക്ക് പറയാൻ പറ്റുമോ; ഇത് നമ്മുടെ എല്ലാവരുടേയും കാര്യമല്ലേ; നമ്മൾ തിരുവനന്തപുരത്തിരുന്ന് വിഷ്വൽ മീഡിയകളിൽ ചർച്ചകൾ നടത്തുമ്പോൾ യഥാർത്ഥ കാര്യങ്ങൾകൂടി അറിയണമെന്നുള്ളതുകൊണ്ട് മാത്രമാണ് ഈ കാര്യങ്ങൾ പറയുന്നത്.

ഏതായാലും ജില്ലാ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ജനങ്ങൾക്ക് ഭീതിയുണ്ടാകാത്ത തരത്തിൽ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് അവരെ മാറ്റിപ്പാർപ്പിക്കുവാൻ വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. ഒരു വീഴ്ചയുമില്ലാതെ ആ കാര്യങ്ങൾ നിറവേറ്റപ്പെടും. അതിന്റെ ഭാഗമായി തീർച്ചയായും ജില്ലാ ഭരണകൂടം നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ഏകോപിപ്പിച്ചുകൊണ്ട്, എവിടെയെങ്കിലും വീഴ്ചയുണ്ടെങ്കിൽ അത് പരിഹരിച്ച

പോകുന്നതിനുള്ള നടപടികളും തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

(നേരത്തെ ഇടമലയാർ ഡാം തുറന്നുവിട്ടപ്പോൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വരെ വെള്ളം കയറി, ദുരന്തനിവാരണ അതോറിറ്റിക്ക് എസ്.എം.എസ്. അയയ്ക്കണമെന്നാണ് പറയുന്നത്, രാത്രി ആരാണ് എസ്.എം.എസ്. നോക്കുന്നത് തുടങ്ങിയ കാര്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ട് ശ്രീ. സാജു പോൾ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റുനിന്നു.)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട സാജു പോൾ, അങ്ങേയ്ക്ക് മൈക്ക് ആവശ്യമില്ലല്ലോ; അങ്ങ് പറഞ്ഞത് സത്യമല്ലെന്ന് ആരും പറഞ്ഞില്ല. അങ്ങ് സീറ്റിൽ ഇരിക്കു. ബഹുമാനപ്പെട്ട സാജു പോൾ പ്ലീസ്...... പ്ലീസ്....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയാണ്. പ്ലീസ്........... ആ മറുപടി അങ്ങ് കേൾക്കണം. പ്ലീസ്...... അങ്ങ് ദയവായി സീറ്റിലിരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ ഈ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ ആ വികാരം പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. ഇതിന്റെ ഗൗരവവും ബുദ്ധിമുട്ടേറിയ സാഹചര്യവുമെല്ലാം പൂർണ്ണമായും മനസ്സിലാക്കുന്നു. ഇവിടെ ശക്തമായ ഭാഷയിൽ

പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ ഉൾക്കൊള്ളുകയാണ്. ഒരു കാര്യം മാത്രമേ ശ്രീമതി ഇ.എസ്. ബിജിമോൾ പറയാതിരുന്നുള്ളൂ. അത് അവർക്ക് അറിയാവുന്നതാണ്. ഗവൺമെന്റിന്റെ പരിമിതികൾകൂടി മനസ്സിലാക്കണം. ഈ പ്രശ്നം തമിഴ്നാട് ഗവൺമെന്റുമായി ചർച്ചചെയ്ത് ഒരു ധാരണയുണ്ടാക്കാൻ ഗവൺമെന്റ് എല്ലാവിധത്തിലുമുള്ള ശ്രമങ്ങളും നടത്തി. അത് ഈ ഗവൺമെന്റ് മാത്രമല്ല, ഇതിന് മുമ്പുള്ള ഗവൺമെന്റുകളും ശ്രമിച്ചിട്ടുണ്ട്. പക്ഷെ, അവർ ഒരുവിധത്തിലും അതിനോട് യോജിക്കില്ല.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:</u> ഗവൺമെന്റിന് എന്ത് പരിമിതിയാണുള്ളത്?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻനായർ, പ്ലീസ്... പ്ലീസ്...........

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> 'തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ' - ഇത് നമ്മൾ വ്യക്തമായി പറഞ്ഞു. തമിഴ്നാടിന് മുല്ലപ്പെരിയാറിൽ നിന്നുള്ള വെള്ളത്തിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നു. അവരുടെ അഞ്ച് ജില്ലകൾ ഈ വെള്ളം കൊണ്ടാണ് നിലനിൽക്കുന്നത്. അത് നമ്മൾ മനസ്സിലാക്കുന്നു. രാജഭരണ കാലം മുതൽ വർഷങ്ങളായി അതിനുള്ള എഗ്രിമെന്റും അതിനുള്ള സാഹചര്യവും നമ്മൾ

പൂർണ്ണമായും ഉൾക്കൊണ്ടു. വെള്ളം സംബന്ധിച്ച് ഇൻഡ്യയിൽ എവിടെ തർക്കമുണ്ടെങ്കിലും അവിടുത്തെ പ്രശ്നം വെള്ളം വീതിക്കുന്നത് സംബന്ധിച്ചാണ്. 'വെള്ളം കൊടുക്കില്ല, കൊടുക്കണം' അതിനെക്കുറിച്ചാണ് തർക്കങ്ങൾ നടക്കുന്നത്. മുല്ലപ്പെരിയാറിൽ മാത്രമാണ് വ്യത്യസ്തമായ ഒരു തർക്കം. വെള്ളം കൊടുക്കുന്നത് സംബന്ധിച്ച് ഒരു തർക്കവുമില്ല. വെള്ളം കൊടുക്കാം. പക്ഷെ നമ്മുടെ സുരക്ഷ ഉറപ്പാക്കണം. പക്ഷെ ആ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടാണ് അവർ സ്വീകരിച്ചത്. ആ അവസരത്തിലാണ് നമ്മൾ കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുന്നത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ ആശങ്കയറിയിച്ചപ്പോൾ അതിനോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഒരു മേശയ്ക്കുചുറ്റും ഇരുന്ന് സംസാരിക്കുന്ന സാഹചര്യം ഉണ്ടാക്കാമെന്ന് നമ്മളോട് ഉറപ്പു പറഞ്ഞു. അതനുസരിച്ച് കേന്ദ്ര മന്ത്രിമാർ തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെടുന്നതിന് ചുമതലപ്പെടുത്തി. ചർച്ചയ്ക്ക് വിളിച്ചെങ്കിലും അവർ വരാൻ തയ്യാറല്ലെന്നുള്ള നിലപാടാണ് എടുത്തത്. വെള്ളം കൊടുക്കില്ലെന്ന് പറയാനല്ല, വെള്ളം കൊടുക്കാം. പക്ഷേ ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷവേണം. അതിനൊരു ഉറപ്പുവേണം. അത്തരത്തിലുള്ളൊരു സൗഹൃദ ചർച്ചയ്ക്കുപോലും അവർ വരാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കോടതി എന്ന ഒരേയൊരു ഓപ്ഷൻ മാത്രമേ നമുക്ക്

അവശേഷിച്ചുള്ളൂ. കോടതിയെ സമീപിച്ച് ഏറ്റവും നല്ല അഡ്വക്കേറ്റ്സിനെ വച്ച് ഏറ്റവും ഫലപ്രദമായ രീതിയിൽ കേസ് നടത്തി. കേസ് നടന്ന ദിവസങ്ങളത്രയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഡൽഹിയിൽ ചെലവഴിച്ച് ഓരോ ദിവസത്തെയും കോടതിയിലെ നടപടികൾ വിലയിരുത്തി. കേരളം എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും ചിലരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഡാം സുരക്ഷിതമാണെന്ന വാദം അംഗീകരിച്ചുകൊണ്ട് 142 അടിയിലേയ്ക്ക് വെള്ളം ഉയർത്താനുള്ള തീരുമാനമെടുത്തു. ഏറ്റവും നിർഭാഗ്യകരമായ തീരുമാനമാണത്. അപകടം ഉണ്ടായോ ഇല്ലയോ എന്നുള്ളതല്ല, അവിടെയുള്ള ജനങ്ങളുടെ ഭീതി ഇന്നെന്താണ്; ഇന്നലെ 142 അടിയിലെത്തി വെള്ളം തുറന്നുവിട്ടപ്പോൾ ആയിരക്കണക്കിന് ജനങ്ങൾ ഭീതിയിലായിരുന്നു. അവരുടെ ഉറക്കം കെടുത്തുന്ന വിധത്തിലുള്ള ഭീഷണിയാണ്. ഈ സാഹചര്യത്തിന് പരിഹാരമുണ്ടാക്കിയേ മതിയാകൂ. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. തമിഴ്നാടുമായി നമുക്ക് വളരെ നല്ല ബന്ധം തന്നെയാണുള്ളത്. ആ ബന്ധം തുടരണമെന്നുതന്നെയാണ് നമ്മളാഗ്രഹിക്കുന്നത്. മുല്ലപ്പെരിയാറിൽനിന്നുള്ള വെള്ളത്തിന്റെ പ്രാധാന്യം നമ്മൾ ഉൾക്കൊള്ളാം. പക്ഷേ മുല്ലപ്പെരിയാർ നിലനിൽക്കുന്നത് കേരളത്തിന്റെ മണ്ണിലാണ്. മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയം

വന്നാലും വെള്ളം 142 അടിയിലെത്തി തുറന്നുവിട്ടാലും അതിന്റെ എല്ലാ ഭവിഷ്യത്തുകളും നേരിടേണ്ടി വരുന്നത് കേരളത്തിലെ ജനങ്ങളാണ്. ഈ സാഹചര്യത്തിൽ ദിവസങ്ങൾക്ക് മുൻപുതന്നെ, നല്ല നീരൊഴുക്കുണ്ടെന്നും ഡാമിലെ വെള്ളമുയർന്ന് 142 അടിയിലേയ്ക്കെത്താൻ സാധ്യതയുള്ളതിനാൽ തമിഴ്നാട്ടിലേയ്ക്ക് എടുക്കുന്ന വെള്ളത്തിന്റെ അളവ് കൂട്ടണമെന്നും കേരളം നിരന്തരമായി ആവശ്യപ്പെട്ടു. ഭരണതലത്തിൽ ആവശ്യങ്ങളുന്നയിച്ചു. സ്ഥിതി അപകടകരമായ നിലയിലേയ്ക്ക് വരുന്നതിനാൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇന്നലെ തമിഴ്നാട് മുഖ്യമന്ത്രിക്ക് ഫാക്സ് സന്ദേശമയച്ചു. എന്നാൽ ഇക്കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് എടുത്തിരിക്കുന്ന നിഷേധാത്മകമായ നിലപാടിനോട് ഈ ഗവൺമെന്റിന് ശക്തമായ പ്രതിഷേധമുണ്ട്. ഈ ഗൗരവതരമായ സാഹചര്യത്തിൽ ഭരണരംഗത്തും നിയമപരമായ രംഗത്തും എന്തെല്ലാം നടപടികളെടുക്കാമെന്ന് ആലോചിക്കുകയാണ്. പ്രധാനമന്ത്രിയേയും കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയേയും കാണുന്നതിന് സമയം ചോദിച്ചിട്ടുണ്ട്. ഈ രണ്ട് ദിവസത്തെ അസംബ്ലി ഇല്ലാത്ത അവസരത്തിൽ, നാളെത്തന്നെ ഞങ്ങൾ ഡൽഹിയ്ക്ക് പോകും. പ്രധാനമന്ത്രിയെ കാണാൻ ശ്രമിക്കും. ജലവിഭവ വകുപ്പുമന്ത്രിയെ കാണും. ഇതിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തും.

അതേയവസരത്തിൽ നിയമപരമായി ചെയ്യാവുന്ന നടപടികളെല്ലാം സ്വീകരിക്കും. കേരളത്തിന്റെ നിലപാടിന് ദേശീയ തലത്തിലും അന്തർദേശീയ രംഗത്തും അംഗീകാരം ലഭിക്കുമെന്ന് പൂർണ്ണ വിശ്വാസമുണ്ട്. ഇക്കാര്യത്തിൽ നമുക്ക് പോസിറ്റീവായ സമീപനമാണുള്ളത്. വെള്ളം തരാമെന്നും പകരം ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്നുമുള്ള ആവശ്യത്തിനെ എതിർക്കുന്നതെന്തിനാണ്;

ബഹുമാനപ്പെട്ട ഇ.എസ്. ബിജിമോളോട് എനിക്കൊരു അഭ്യർത്ഥനയേയുള്ളൂ. ഗവൺമെന്റിന്റെ അലംഭാവത്തെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റിന് പണമില്ലാത്തതിനാൽ സുരക്ഷാകാര്യങ്ങളിൽ മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. പകരം എത്ര രൂപ ചെലവാക്കേണ്ടി വന്നാലും അവിടെയൊരു സേഫ്റ്റി ഡാം നിർമ്മിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അതിനായി തമിഴ്നാട്ടിൽനിന്ന് യാതൊരു സഹായവും ചോദിച്ചിട്ടില്ല. അതിനെ സംബന്ധിച്ചുള്ള ബാധ്യതയും ഉത്തരവാദിത്തവും കേരളംതന്നെ ഏറ്റെടുക്കാൻ തയ്യാറാണ്. അങ്ങനെയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറായിരുന്നു. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ സാമ്പത്തിക തടസ്സം ഉണ്ടായിരിക്കില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പക്ഷേ ഒരു വ്യവസ്ഥിതിക്കുള്ളിൽ നിന്നുമാത്രമേ നമുക്ക് പ്രവർത്തിക്കാൻ സാധിക്കൂ.

അവിടെ ഡാം കെട്ടണമെങ്കിൽ പരിസ്ഥിതി ക്ലിയറൻസ് വേണം. അതിന് തടസ്സം നിൽക്കുകയാണ്. ഒരു ദിവസത്തേയ്ക്കുപോലും തമിഴ്നാടിനുള്ള വെള്ളം കൊടുക്കുന്നത് നിർത്താത്ത വിധത്തിലുള്ള നിർദ്ദേശമാണ് നമ്മൾ മുന്നോട്ടുവച്ചിരിക്കുന്നത്. നിലവിലുള്ള ഡാമിന്റെ താഴെ ആ ഡാമിന്റെ പണി പൂർത്തിയാക്കിയശേഷംമാത്രം കമ്മീഷൻ ചെയ്യത്തക്ക വിധത്തിലുള്ള സംവിധാനമായിരുന്നു. പക്ഷേ ഇന്ന് സ്വീകരിച്ചിട്ടുള്ള നിലപാട് നമുക്ക് ഒട്ടും തൃപ്തികരവും സ്വീകാര്യവുമല്ല. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും കോടതിയുടെയും പൂർണ്ണമായ ഇടപെടലുണ്ടാകുന്നതിനുവേണ്ടി എല്ലാ നടപടികളും സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, അന്തർദേശീയ തലത്തിലുള്ള ഒരു സ്റ്റഡി കമ്മിറ്റിയെ നിയോഗിക്കുമെന്നത് അങ്ങയുട സർവ്വകക്ഷിയോഗത്തിന്റെ തീരുമാനമാണ്. അക്കാര്യത്തിലുള്ള നിലപാടെന്താണ്; ഇതുവരെ അതിനുള്ള യാതൊരു നീക്കങ്ങളും ആരംഭിച്ചിട്ടില്ല. അതോടൊപ്പംതന്നെ പണത്തിന്റെ കാര്യത്തിൽ ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞു. കഴിഞ്ഞ 26-ാം തീയതി നടന്ന യോഗത്തിൽ ജില്ലാ കളക്ടറോട് ഞാൻ നേരിട്ട് ചോദിച്ചതാണ്, പണം ജില്ലാ കളക്ടർക്കില്ല. എവിടെനിന്നെങ്കിലും അറേഞ്ച് ചെയ്യാമെന്നാണ് അദ്ദേഹം

പറയുന്നത്. ഈ കാര്യവുമായി ബന്ധപ്പെട്ട് പണം ജില്ലാ കളക്ടർക്ക് നൽകിയിട്ടില്ല എന്നുപറയുന്ന വസ്തുത നിലനിൽക്കുന്നുണ്ട്. അവിടെനിന്ന് സ്വമേധയാ മാറുന്നതിന് തയ്യാറുള്ള ആളുകളുമുണ്ട്. First affected flood area-യിൽ നിൽക്കുന്നവരിൽ സ്വമേധയാ മാറാൻ തയ്യാറുള്ളവരെ ഒഴിപ്പിക്കാനും പുനരധിവസിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ അടിയന്തരമായി ഇടപെടുകയും ആലോചിക്കുകയും ചെയ്യേണ്ടത് സംബന്ധിച്ച് വളരെ ഗൗരവതരമായി ജില്ലാഭരണ കൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അത് ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് വരാത്തതുകൊണ്ടാണോ ഇംപ്ലിമെന്റ് ചെയ്യാത്തത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അന്തർദേശീയ വിദഗ്ധൻമാരടങ്ങുന്ന ഒരു കമ്മിറ്റിയെക്കൊണ്ട് പരിശോധിക്കണമെന്ന് തന്നെയാണ് നമ്മുടെ നിലപാട്. കേന്ദ്ര ഗവൺമെന്റിനേയും കോടതിയേയും സമീപിക്കുമ്പോൾ വീണ്ടും ആ ആവശ്യംതന്നെയാണ് നമ്മൾ ഉന്നയിക്കുന്നത്. തുടർന്നും അതിനുവേണ്ടിയായിരിക്കും ശ്രമിക്കുന്നത്. അതുപോലെ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കാര്യമായിരിക്കും അംഗം ഉദ്ദേശിച്ചത്. ആരെയും അവിടെനിന്ന് നിർബന്ധിച്ച് ഒഴിപ്പിക്കുന്ന സാഹചര്യമുണ്ടാക്കില്ല. പക്ഷേ സ്വയം പോകുന്നതിന് താൽപ്പര്യം കാണിച്ചാൽ അതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കും. അതിനും

സാമ്പത്തിക പ്രശ്നം ഒരു തടസ്സമായിരിക്കില്ല.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u>: സർ, ഇവിടെ തമിഴ്നാട് ഗവൺമെന്റ് എടുക്കുന്ന സമീപനം ജലവിഭവ വകുപ്പുമന്ത്രി വിശദീകരിച്ചു. അതിലേറ്റവും പ്രധാനം അവർക്ക് പരമാവധി ഒരു ദിവസം കൊണ്ടുപോകാവുന്നത് 2100 ഘനയടി വെള്ളമാണ്. അവർ കൊണ്ടുപോകുന്നത് 1700 ഘനയടി വെള്ളമാണ്. ഇപ്പോൾ ഒഴുകി എത്തിക്കൊണ്ടിരിക്കുന്നത് 3300 ഘനയടി വെള്ളമാണ്. 1600 ഘനയടി വെള്ളമാണ് ഒഴുകി എത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് വൈകിട്ട് ആകുമ്പോൾ വീണ്ടും ഷട്ടർ തുറക്കേണ്ടി വരും. തമിഴ്നാട് ഗവൺമെന്റ് എടുക്കുന്ന സമീപനം 142 അടിയിൽ സ്റ്റെഡിയായി നിർത്തിക്കൊണ്ട് തുടർന്ന് 152 അടിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള വാദഗതി ഉയർത്തുന്നതിനുവേണ്ടിയാണ്. ഇതെല്ലാം പരസ്യമായിക്കഴിഞ്ഞ കാര്യങ്ങളാണ്. ഇവിടെ ഗവൺമെന്റിന് കേസ് ജയിക്കണമെങ്കിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്, അത് ഒന്ന്, നമ്മുടെ അഡ്വക്കേറ്റ് ജനറൽ കൊടുത്തിരിക്കുന്ന അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത്, മുല്ലപ്പെരിയാർ ഡാം തകർന്നാലും അത് ഇടുക്കി ഡാം താങ്ങിക്കൊള്ളും, അവിടെ 100 കുടുംബങ്ങൾക്ക്

മാത്രമേ ഇതുകൊണ്ട് ക്ഷതം ഏൽക്കുകയുള്ളൂ എന്നുമാണ്. ഈ പ്രശ്നമാണ്. നിങ്ങൾ ഗൗരവമായി എടുക്കുന്നില്ല എങ്കിലും തമിഴ്നാട്ടിൽ ഇത് വലിയ പരസ്യമാണ്. പരസ്യം എന്നു പറഞ്ഞാൽ റിലേ ചെയ്തുകൊണ്ടിരിക്കുകയാണ് അഡ്വക്കേറ്റ് ജനറലിന്റെ ഈ അഫിഡവിറ്റ്. ഇത് നിലനിർത്തിക്കൊണ്ട് എങ്ങനെയാണ് കേരള ഗവൺമെന്റിന് ഈ കേസ് ജയിക്കാൻ കഴിയുക? അത് വളരെ ഗൗരവമല്ലേ? അതാണ് വളരെ ഗൗരവമായ പ്രശ്നം. കേരള ഗവൺമെന്റിന്റെ അനാസ്ഥയാണ്, തന്നെയുമല്ല 136 അടിയായപ്പോൾ ഉറങ്ങാൻ കഴിയാതിരുന്ന ജോസഫ് സാർ എന്താണ് 142 അടിയായിട്ടും സുഖമായി കിടന്നുറങ്ങുത്? പ്രശ്നത്തെ ഗൗരവമായി എടുക്കേണ്ടേ? ആ ഒരു ഗൗരവത്തിൽ എടുത്തിട്ടുണ്ടോ ഇത്? ഗൗരവമായി എടുത്തിട്ടില്ല മന്ത്രി അവിടെ എത്തിയിട്ടില്ല, അവിടെ എത്തേണ്ടതായിരുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, മന്ത്രി ഇവിടെയിരുന്നുകൊണ്ട് എല്ലാ കാര്യങ്ങളും ചെയ്യുകയായിരുന്നു. ഇന്നലെ രാത്രി വളരെ ലെയ്റ്റായ ശേഷവും പരസ്പരം ബന്ധപ്പെടുകയും, ഇടുക്കിയുമായി ബന്ധപ്പെടുകയും, ഓരോ മിനിറ്റിനും ഉള്ള മാറ്റങ്ങൾ അദ്ദേഹം അറിയുകയും, അദ്ദേഹം ഞങ്ങളെയൊക്കെ അറിയിച്ച് അതിന്റെ

അടിസ്ഥാനത്തിൽ തന്നെ ഇരിക്കുകയായിരുന്നു. ഇന്നത്തെ സാഹചര്യം വിലയിരുത്തി ഈ അസംബ്ലിയിലെ ചർച്ച കഴിഞ്ഞതിനുശേഷം അവിടെ പോകേണ്ടതാണെങ്കിൽ പോകുകയും ചെയ്യും, യാതൊരു സംശയവുമില്ല. അഡ്വക്കേറ്റ് ജനറലിന്റെ കാര്യം പറഞ്ഞത് നമ്മൾ ഈ സഭയിൽ ധാരാളം ചർച്ച ചെയ്ത് വച്ചതാണ്. അത് തെറ്റിദ്ധാരണാജനകമായി വ്യാഖ്യാനിക്കുവാൻ തമിഴ്‌നാട് ശ്രമിച്ചതാണ്. അത് ഒരു വ്യാഖ്യാനം അവർ നടത്തിയതാണ്, അതുമായി യാതൊന്നുമില്ല. ഡാമിന് എന്തെങ്കിലും ഭവിഷ്യത്തുണ്ടായാൽ, അതിന്റെ ഫലം എന്നു പറയുന്നത് നമുക്ക് ചിന്തിക്കാൻപോലും പറ്റാത്ത കാര്യമാണ്, അങ്ങനെ ലഘൂകരിച്ചൊന്നും കാണുന്നില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഇന്നിപ്പോൾ നമ്മൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ടും നിയമപരമായ നടപടികൾ കൊണ്ടും സാധ്യമായതെല്ലാം ഗവൺമെന്റ് ചെയ്യുമെന്ന് സഭയ്ക്ക് ഉറപ്പു നൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഒരു സംശയം മാത്രമേ ഉള്ളൂ, ഡാം നിൽക്കുന്നത് കേരളത്തിൽ, നമ്മുടെ ഒരു ഉത്തരവാദിത്വപ്പെട്ട എഞ്ചിനീയർ അവിടെ സ്ഥിരമായി

ഉണ്ടാകണം എന്നത് സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനമാണ്. നമ്മുടെ പോലീസ് അവിടെ സ്ഥിരമായിട്ട് ഉണ്ട്. ഇവിടുത്തെപ്രശ്നം നമ്മളുമായി ആലോചിക്കാതെ ഷട്ടർ തുറന്നു എന്നുള്ളതാണ്. നമ്മുടെ ഉദ്യോഗസ്ഥൻമാർ എവിടെയാണ്? നമ്മുടെ ഉദ്യോഗസ്ഥൻമാർ അവിടെയില്ലേ? അവർ അറിഞ്ഞില്ലേ ഈ ഷട്ടർ തുറക്കുന്നത്? അതുകൊണ്ടാണല്ലോ 8 അടി ഉയരത്തിൽ വെള്ളം വന്നത്, ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്ത്, എന്തുകൊണ്ട് അറിഞ്ഞില്ല? വളരെ പ്രധാനപ്പെട്ട പ്രശ്നമല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവിടെ നമ്മുടെ പോലീസ് ഉണ്ട്, ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ, മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻതന്നെ അവിടെ ആരംഭിച്ചിട്ടുണ്ട്. നമ്മൾക്കുള്ള പ്രതിഷേധം ഷട്ടർ തുറന്നത് നേരത്തേ അറിയിച്ചിട്ടില്ല എന്നതാണ്, തുറക്കുന്നതിന് തൊട്ടു മുൻപാണ് നമ്മളെ അറിയിക്കുന്നത്. നമ്മൾ തമ്മിലുള്ള കരാറനുസരിച്ച് 12 മണിക്കൂറിന് മുൻപ് അറിയിക്കേണ്ടതാണ്, അത് അറിയിച്ചിട്ടില്ല. അതിനേക്കാൾ വലിയ പ്രതിഷേധം കഴിഞ്ഞ മൂന്ന് നാല് ദിവസമായി നീരൊഴുക്ക് കൂടുന്നു, വെള്ളത്തിന്റെ നിരപ്പ് കൂടുന്നു. ഈ സാഹചര്യം

വരുമെന്നറിയാമായിട്ടും നമ്മൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും അവർക്ക് കൊണ്ടുപോകാവുന്നതിലധികം വെള്ളം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകാൻ തയ്യാറായില്ല. ഈ രണ്ടു കാര്യത്തിലാണ് നമ്മുടെ പ്രതിഷേധം. 12 മണിക്കൂറിന് മുൻപ് അറിയിക്കേണ്ടതായിരുന്നു, അറിയിച്ചില്ല. രണ്ട്, ഈ സമയങ്ങളിൽ അവർക്ക് എടുക്കാമായിരുന്ന വെള്ളം എടുത്ത് അവരുടെ ആത്മാർത്ഥത ഈ കാര്യത്തിൽ, നമ്മുടെ ആശങ്ക തീർക്കുന്നതിന് അവർക്ക് ചെയ്യാവുന്ന ഏറ്റവും പരിമിതമായ ഒരു സഹകരണം, അതുപോലും ഉണ്ടായില്ല എന്നു പറയുമ്പോൾ, നമ്മൾ അവർക്ക് വെള്ളം കൊടുക്കുന്നു, പരസ്യം കൂടാതെ കൊടുക്കുന്നു. എങ്കിലും നമ്മുടെ ആശങ്ക അല്പംപോലും ഉൾക്കൊള്ളാൻ സാധിക്കുന്നില്ല എന്നുള്ളത് വേദനാജനകമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, നമ്മുടെ നിയമസഭ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് ഈ നിയമസഭയിൽ ഭരണ-പ്രതിപക്ഷ തർക്കങ്ങൾ ആവശ്യമുള്ള കാര്യമല്ല. ഈ നിയമസഭ ഒരേപോലെ വികാരം പ്രകടിപ്പിക്കുകയും, ആ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുവാനും, സുപ്രീംകോടതിയെ അറിയിക്കുവാനും നമ്മൾ തയ്യാറായതാണ്. ഇവിടെ ഉണ്ടായിട്ടുള്ള വിഷയങ്ങളെ

സംബന്ധിച്ച് ഇരുപക്ഷങ്ങൾക്കും ബോധ്യമുണ്ട്. നിയമപരമായിട്ടുള്ള സാധ്യതകളിൽ നമുക്ക് വന്നിരിക്കുന്ന കുറവ്, സുപ്രീംകോടതിയുടെ വിധികൾ, തമിഴ്നാട് ഗവൺമെന്റിന്റെ നിലപാട്, ഈ കാര്യം കേന്ദ്ര ഗവൺമെന്റിനെ വീണ്ടും അറിയിക്കാൻ മുഖ്യമന്ത്രി ഡൽഹിക്ക് പോകുന്നു. ഇതൊക്കെയാണ് സാധ്യമായ കാര്യങ്ങൾ. ഇവിടെ സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങളിൽ എന്തെങ്കിലും കുറവുകൾ ഉണ്ടായെങ്കിൽ അത് പരിഗണിക്കുകയും അത് ശക്തിപ്പെടുത്തുകയും ചെയ്യുക എന്നത് മാത്രമാണ് നമ്മുടെ മുൻപിലുള്ള ദൗത്യം. ഇപ്പോൾ 142 അടിയായപ്പോൾ ഷട്ടർ തുറന്നു, ഇന്നലെ രാത്രിയിൽ അവിടെയുള്ള ആൾക്കാർക്ക് വിഷമമുണ്ടായി അവർ ആശങ്കയിൽത്തന്നെയാണ്, മുഖ്യമന്ത്രിയും വകുപ്പുമന്ത്രി ജോസഫ് സാറും ഇത് ആവർത്തിച്ചു പറഞ്ഞു, ഇക്കാര്യത്തിൽ നമ്മുടെ ഗവൺമെന്റിന് ചെയ്യാവുന്ന കാര്യം 136 അടി വരെ ഈ ജലനിരപ്പ് താഴുന്ന നിമിഷം വരെ നമ്മുടെ ഈ സിസ്റ്റവും, സംവിധാനവും, സാഹചര്യവും വളരെ ഗംഭീരമായി തുടരാനും അവിടുത്തെ ജനങ്ങൾക്ക് ആശങ്കയില്ലാതെയിരിക്കുന്നതിന് ഗവൺമെന്റിന് ചെയ്തു കൊടുക്കാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കുക എന്നതല്ലാതെ,

നിയമപരമായ സാധ്യതകളെ മറികടക്കാൻ, ഇവിടെ നടക്കുന്ന ഇത്തരം ചർച്ചകൾ പൊതുലോകം അറിയുന്നത്, പബ്ലിക്ക് അറിയുന്നത്, ലോകം അറിയുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. യുനാനിമലായി ഇതിന് തീരുമാനം എടുക്കണം, ഇതിന് ഭരണ-പ്രതിപക്ഷ തർക്കങ്ങൾ അല്ല ആവശ്യം, ജനങ്ങളുടെ ആശങ്ക അകറ്റുകയാണ് ആവശ്യം. അതുകൊണ്ട് ഏറ്റവും ശ്രദ്ധേയമായ നിലയിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന, എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ശാക്തീകരിച്ചുകൊണ്ട്, ജില്ലാ കളക്ടർ വളരെ സജീവമായി രംഗത്തുണ്ട്. ശ്രീമതി ബിജിമോൾക്ക് അതറിയാം, ജില്ലാ അഡ്മിനിസ്ട്രേഷനെ കുറ്റപ്പെടുത്തുന്നത് ഒരിക്കലും ശരിയല്ല. റവന്യൂ വകുപ്പുമന്ത്രി, ശ്രീ. അടൂർ പ്രകാശ് അതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചു ചേർക്കാൻ പറഞ്ഞിട്ടുള്ളതും, അവിടെ ദുരന്തനിവാരണ സേനയെക്കുറിച്ച് പറഞ്ഞിട്ടുള്ളതും നിഷേധിക്കരുത്, അങ്ങനെ തർക്കം പറയേണ്ട കാര്യമില്ല. ആ കാര്യങ്ങളിൽ വളരെ സജീവമായ നിലപാട് അവിടെയുണ്ട്. അതിൽ എവിടെയെങ്കിലും കുറവുകളുണ്ടെങ്കിൽ ആ കുറവ് പരിഹരിച്ചുകൊണ്ട് നമുക്ക് ഇനിയുള്ള ദിവസം അത് നല്ലനിലയിൽ, ജനങ്ങൾക്ക്

ആശങ്കയുണ്ടാകാതിരിക്കുവാനുള്ള നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന്റെ പക്ഷത്തുനിന്നും ഉണ്ടാകേണ്ട കാര്യം മാത്രമാണ് സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്നത്. അത് മുഖ്യമന്ത്രി വിശദീകരിച്ചു, അത് കൂട്ടായ ഒരു തീരുമാനമായി ഈ അസംബ്ലിയിൽ മുഖ്യമന്ത്രി അനൗൺസ് ചെയ്യണം, തർക്കങ്ങൾ ഉണ്ടാകരുത്, പുറത്തോട്ടും കേസ്സിനും, കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുന്നതിനുമൊക്കെ നമുക്ക് ദോഷം ചെയ്യും. അത് ഇടുക്കിയിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കും, അതുകൊണ്ട് ഈ നിയമസഭ രണ്ടു വികാരപ്രകടനം നടത്തരുത്. ഈ കാര്യത്തിൽ ഒരേ വികാരമായിരിക്കണം എന്ന എളിയ അപേക്ഷ മാത്രമാണ് എനിക്കുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്, ഈ സഭയുടെ പൊതുവികാരവും അതുതന്നെയാണ് എന്ന് എനിക്ക് പൂർണ്ണ ഉറപ്പുണ്ട്. ഇവിടെ പ്രകടിപ്പിച്ചത് ചില സംശയങ്ങളും, ചില ചോദ്യങ്ങളും, ചില വിശദീകരണവുമൊക്കെയാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമ്മൾ ഈ സഭ ഒന്നിൽ കൂടുതൽ പ്രാവശ്യം പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്, യോജിച്ചാണ് പാസ്സാക്കിയിരിക്കുന്നത്. ഇന്നത്തെ നിലയിൽ ആണെങ്കിലും,

എല്ലാവരും ഈ കാര്യത്തിൽ യോജിപ്പു തന്നെയാണ്. പിന്നെ ചില ആശങ്കകൾ, ചില സംശയങ്ങൾ, ചില ചോദ്യങ്ങൾ, ചില വിശദീകരണങ്ങൾ അതു സ്വാഭാവികമാണ്. കേരളത്തിന്റെ ആവശ്യത്തിനുവേണ്ടി തമിഴ്നാടുമായി കലഹിക്കാതെ നമ്മൾ ഒറ്റക്കെട്ടായിത്തന്നെ മുൻപോട്ട് പോകുക എന്നുള്ളതാണ് ലക്ഷ്യം, ഇടുക്കിയിൽ നിന്നുള്ള ഒരു മെമ്പർ കൂടി ചോദിക്കാൻ നിൽക്കുകയാണ് ശ്രീ. രാജേന്ദ്രൻ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇവിടെ വിട്ടുപോയ ഒരു കാര്യം, ഭരണകക്ഷി പത്രമായ ചന്ദ്രികയിൽപ്പോലും ഇന്ന് ഇടുക്കി ജില്ലയെപ്പറ്റി എഴുതി ചേർത്തിട്ടുണ്ട്. ഇത്രയും പ്രയാസമുള്ള സാഹചര്യത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഉൾപ്പെടെ നടത്തിയ യോഗത്തിൽ വെട്ടം, രാത്രി കാലത്താണ് വെള്ളം തുറന്നു വിടുന്നത്, വെള്ളം തുറന്നു വിട്ടതിനുശേഷമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി വെട്ടം പലസ്ഥലത്തും സ്ഥാപിക്കുന്നതിന് വേണ്ടി തീരുമാനിച്ചിരുന്നു. അത് 8 പ്രാവശ്യം, കറന്റുകട്ട് എന്നു പറഞ്ഞെങ്കിൽ പോലും ഇത് പൂർണ്ണമായി അവിടെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതിന് എന്തു നടപടി സ്വീകരിക്കും, അവിടെ

രാത്രിയിൽ കൂടുതൽ വെള്ളം തുറന്നു വിടുമ്പോൾ ആളുകളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഇനി എന്തെല്ലാം സ്വീകരിക്കും, സമയബന്ധിതമായി നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്നലെ വെള്ളം തുറന്നു വിടുന്നതിന് തൊട്ടു മുൻപ് തന്നെ എല്ലായിടത്തും മുന്നറിയിപ്പ് കൊടുത്തിരുന്നു. ആളുകളെ പുറത്തേയ്ക്ക് കൊണ്ടു വരുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. കളക്ടർ സ്ഥലത്തു തന്നെയുണ്ടായിരുന്നു. എങ്കിലും ഇന്നലെ വെള്ളം തുറന്നുവിട്ട അവസരത്തിൽ എവിടെയെങ്കിലും എന്തെങ്കിലും വിധത്തിലുള്ള പോരായ്മ ഉണ്ടോ, എന്നുള്ളത് നോക്കും, വൈദ്യുതി കണക്ഷൻ ഇടയ്ക്ക് പോയി എന്നു പറഞ്ഞു, അത് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിശ്ചയമായിട്ടും പരിശോധിക്കും. കുറ്റമറ്റ രീതിയിൽ ഇനിയും ഭാവിയിലും ഇതുപോലുള്ള അവസരത്തിൽ പ്രവർത്തിക്കുന്നതിന് അതുപോലെ ഒരു വിലയിരുത്തൽ സഹായകരമാകും, അത് ചെയ്യുന്നതാണ് എന്ന് ഉറപ്പു പറയുന്നു.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്,

30.11.2015-ൽ സൂപ്പർവൈസറി കമ്മിറ്റി ചേർന്നപ്പോൾ ഒരു തീരുമാനമെടുത്തിരുന്നത് എക്സസായി വരുന്ന വെള്ളം വൈഗ നദിയിലേയ്ക്ക് ഒഴുക്കിവിടണമെന്നാണ്. സൂപ്പർവൈസറി കമ്മിറ്റി എടുത്ത തീരുമാനം നടപ്പിലാക്കാൻ തമിഴ്നാട് സർക്കാർ തയ്യാറായിട്ടില്ല എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ദിവസങ്ങളായി നിലനിൽക്കുന്ന നമ്മുടെ ആശങ്ക ഉൾക്കൊള്ളുവാൻ അവർ ഈ സാഹചര്യത്തിൽപ്പോലും തയ്യാറായിട്ടില്ല. നമ്മുടെ ആശങ്കയകറ്റാൻ അവർക്ക് ചെയ്യാൻ കഴിയുമായിരുന്ന കാര്യം അവർ ചെയ്തില്ല. ഇതിൽക്കൂടുതൽ അളവിൽ വെള്ളം അവർക്ക് എടുക്കാമായിരുന്നു. നമുക്ക് നിയമപരമായി കോടതിയെ സമീപിക്കാനുള്ള ഏറ്റവും ശക്തമായ പോയിന്റും അതുതന്നെയാണ്. അത് ഉന്നയിച്ചുകൊണ്ട് നിയമപരമായ നടപടികളിലേയ്ക്ക് കേരളം പോകുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പു മന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

( അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് അതിഭയങ്കരമായി ഭയാശങ്കകളുയർത്തിക്കൊണ്ട് വർദ്ധിച്ചുവരുന്നതു സംബന്ധിച്ച് ഇന്നലെ ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി എടുക്കുമെന്നായിരുന്നു. ഞാൻ ഉന്നയിച്ച ആശങ്കയുടെ പത്ത് ശതമാനംപോലും മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഉൾക്കൊണ്ടിട്ടില്ലെന്നുള്ളത് അതീവ ഗുരുതരമായ കാര്യമാണ്. എന്നിട്ടെന്ത് നടപടിയെടുത്തു? ഇതെന്താണ് വല്ല ദുരിതാശ്വാസവും പ്രഖ്യാപിക്കുന്ന കാര്യമാണോ? കേന്ദ്ര സർക്കാരിന് കത്തയച്ചെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും തോരാതെ സംസാരിച്ച് തേരാപാര നടന്നാൽ മതിയോ. എത്ര ലക്ഷം ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്. മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശത്ത് ഇന്നും പെരുമഴ തുടരുകയാണ്. മഴ പെയ്തുതീർന്നാലും മലയിൽനിന്നും വെള്ളം കുത്തിയൊലിച്ച് വരും. 2600 ഘന അടി വെള്ളമാണ് അണക്കെട്ടിലേയ്ക്ക് ദിനംപ്രതി ഒഴുകിയെത്തുന്നത്. തമിഴ്നാട്ടിലേയ്ക്ക് പെൻസ്റ്റോക്ക് വഴി കൊണ്ടുപോകാൻ കഴിയുന്നത് 1425 ഘന അടി വെള്ളം മാത്രമാണ്. അപ്പോൾ 142 അടിക്ക് മുകളിലേയ്ക്ക് ജലനിരപ്പ് ഉയർന്നാൽ എന്ത് സംഭവിക്കുമെന്ന് ബഹുമാനപ്പെട്ട സുപ്രീം

കോടതിയോ, കേന്ദ്ര സർക്കാരോ പറഞ്ഞിട്ടില്ല. തമിഴ്നാട് പറയുന്നത് അവർ വെള്ളം താഴേയ്ക്ക് ഒഴുക്കിക്കൊണ്ട് പോകുകയാണെന്നാണ്. അവർക്ക് താഴേയ്ക്ക് ഒഴുക്കാവുന്ന വെള്ളത്തിന് ഒരു കണക്കുണ്ട്. അതിൽ കൂടുതൽ കൊണ്ടുപോകാനുള്ള മാർഗ്ഗം അവർക്കില്ല. അതിന്റെ അർത്ഥം വെള്ളം 142 അടി കഴിഞ്ഞ് പിന്നെയും കൂടിയാൽ മുല്ലപ്പെരിയാർ ഡാമിന് എന്ത് സംഭവിക്കുമെന്ന് ആർക്കും പറയാൻ കഴിയില്ല എന്നതാണ്. പണ്ടൊക്കെ 136 അടിക്ക് മുകളിലേയ്ക്ക് ഡാമിൽ വെള്ളം ഉയരുമ്പോൾ സ്പിൽവേ വഴി വെള്ളം ഇടുക്കി ഡാമിലേയ്ക്ക് ഒഴുക്കി വിടാറുണ്ടായിരുന്നു. എന്നാൽ തമിഴ്നാട് ഇന്നലെയാണ് ഇടുക്കി ഡാമിലേയ്ക്ക് വെള്ളം തുറന്നുവിട്ടത്. എന്നുമാത്രമല്ല 142 അടിക്ക് മുകളിൽ ജലമുയർന്നാൽ മാത്രമെ സ്പിൽവേ വഴി ജലം ഒഴുക്കിവിടുകയുള്ളൂവെന്ന ഉറച്ച നിലപാടിലാണ് തമിഴ്നാട്. അന്ന് വെള്ളത്തിന്റെ അളവ് 136 അടി വരെ ഉയരുമ്പോൾ കർശനമായി ഇടപെട്ട് അതുവഴിയുണ്ടായേക്കാവുന്ന വിപത്ത് ചൂണ്ടിക്കാട്ടി അതിന് പരിഹാരമുണ്ടാക്കണമെന്ന് നമ്മൾ ആവശ്യപ്പെടാറുണ്ടായിരുന്നു. അങ്ങനെ യാതൊരു ശ്രമവും ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അവർ 142 അടി വരെ വെള്ളം ഉയരുന്നത് കാത്തിരുന്നിട്ട് അത് നമ്മളും നോക്കി നിന്നതല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മുൻകാലങ്ങളിൽ 136 അടി വരെ

ജലനിരപ്പ് ഉയരുമ്പോഴേയ്ക്കും ഇടപെടൽ നടത്താൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ എനിക്ക് ഉറക്കം വരുന്നില്ല, എനിക്ക് ഉറക്കം വരുന്നില്ലായെന്ന് പറഞ്ഞിരുന്നത് 136 അടി വരെ ജലനിരപ്പ് ഉയർന്ന ഘട്ടത്തിലാണ്. ജലനിരപ്പ് 136 അടിയും കഴിഞ്ഞ് 140 അടിയിൽ എത്തിയപ്പോൾ നമ്മുടെ മന്ത്രി ഇവിടെ സുഖമായി ഉറങ്ങുകയായിരുന്നില്ലേ? എന്ത് നടപടിയെടുത്തു? 136 കഴിഞ്ഞ് ഒരു അടി കൂടി ഉയർന്ന അവസരത്തിൽ ഈ ഗവൺമെന്റ് ശക്തമായി ശബ്ദമുയർത്തേണ്ടതായിരുന്നില്ലേ, എന്തുകൊണ്ട് ഉയർന്നില്ല. അത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അലംഭാവമായിരുന്നു.

ശ്രീ. പി. ജെ. ജോസഫ്: സൂപ്പർവൈസറി കമ്മിറ്റി പലവട്ടം കൂടി ഈ വിഷയം ചർച്ച ചെയ്തു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : പലവട്ടം കൂടിയിട്ട് നിങ്ങൾ എന്തു ചെയ്തു? കേരളത്തിന്റെ ശബ്ദമുയർത്താൻ തക്കവിധത്തിൽ നിങ്ങൾ എന്തു ചെയ്തു? കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും പ്രശ്നത്തിന് പരിഹാരം കാണാനുമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചോ? യാതൊന്നും സ്വീകരിച്ചില്ലെന്ന് മാത്രമല്ല നിങ്ങളുടെ അഡ്വക്കേറ്റ് ജനറൽ ബഹുമാനപ്പെട്ട കോടതിയുടെ മുമ്പാകെ പറഞ്ഞത്, ഈ ഡാമിന്റെ ജലനിരപ്പ് കൂടിയാൽ ഞങ്ങൾ ഇടുക്കിയിൽ താങ്ങിക്കൊള്ളുമെന്ന

അബദ്ധം പറഞ്ഞ, അങ്ങേയറ്റം തെറ്റായ പ്രഖ്യാപനം നടത്തിയത് ഈ ഗവൺമെന്റിന്റെ നയമല്ലെന്ന് പറയാനുള്ള ചങ്കൂറ്റം നിങ്ങൾ കാണിച്ചിട്ടുണ്ടോ? കാണിച്ചിട്ടില്ല. അപ്പോൾ നിങ്ങളുടെ അലംഭാവമെന്നുള്ളത് വ്യക്തമായി കേരളത്തിലെ ജനങ്ങൾക്കാകമാനം ബോധ്യമായിരിക്കുകയാണ്. ഇപ്പോൾ കുറെ കാര്യങ്ങളൊക്കെ പറഞ്ഞു. മുൻകാലങ്ങളിൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഇപ്പോൾ പറഞ്ഞ വാഗ്ദാനങ്ങൾ എങ്ങനെയാണ് പാലിക്കാൻ കഴിയുക? ജലനിരപ്പ് 142 അടി കഴിഞ്ഞതിനുശേഷം കേരളത്തിന് എന്ത് ദുരന്തം വന്നാലും സാരമില്ല, തങ്ങൾക്ക് കഴിയാവുന്നത്ര വെള്ളം ഊറ്റണമെന്നാണ് അവർ വിചാരിച്ചിരിക്കുന്നത്. ജലനിരപ്പ് 142 അടിയിൽതന്നെ സ്ഥിരമായി ഏറെ നാൾ നിന്നാൽ എന്തു സംഭവിക്കുമെന്ന് നമുക്ക് പറയാനാകില്ല. സുനാമിത്തിരമാലകൾ പോലെ ആർത്തലച്ചുവരുന്ന പ്രളയംമൂലം എന്തും സംഭവിക്കാം. അങ്ങനെയെന്തെങ്കിലും അത്യാപത്ത് സംഭവിച്ചാൽ ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ അഞ്ച് ജില്ലകളിലെ മുപ്പത്തിയഞ്ച് നാൽപ്പതു ലക്ഷത്തോളംവരുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും അത് ഭീഷണി ഉയർത്തുന്നതാണ്. അണക്കെട്ട് പൊട്ടിയാൽ ഈ അഞ്ച് ജില്ലകളിലെയും ജനങ്ങളുടെ ജീവനും സ്വത്തുമെല്ലാം നാമാവശേഷമാകുമെന്ന് മാത്രമല്ല

കേരളത്തെയാകെ അന്ധകാരത്തിലാഴ്ത്തുകയും ചെയ്യും. കേരളം രണ്ടായി വിഭജിച്ച് ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയും ഉണ്ടായിക്കൂടെന്നില്ല. ഇതാണ് അണക്കെട്ടിലെ ജലനിരപ്പിന്റെ വർദ്ധനവ് കേരളത്തിന് മുന്നിലുയർത്തുന്ന ഏറ്റവും ഗൗരവതരമായ പ്രശ്നം. ഈ വിഷയത്തിൽ നാം കാണാതെ പോകുകയോ, വേണ്ടവിധം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ ധരിപ്പിക്കാതെ പോകുകയോ ചെയ്ത ഒരു കാര്യമുണ്ട്. ജലനിരപ്പ് 136 അടിയിൽ നിന്നും ഉയർന്നു തുടങ്ങിയതോടുകൂടി ചുറ്റുവട്ടത്തെ ഏക്കർകണക്കിന് വനഭൂമി വെള്ളത്തിൽ മുങ്ങിത്തുടങ്ങിയതാണ്. ചുരുങ്ങിയത് 1400 ഏക്കർ വനഭൂമിയെങ്കിലും ഇങ്ങനെ മുങ്ങിപ്പോയി. ഇത് ആത്യന്തികമായി അവിടത്തെ വന്യ ജീവികളെയും പക്ഷികളെയുമൊക്കെ കൊന്നൊടുക്കും. തമിഴ്നാട് ഇനിയും ഓരോ കാരണങ്ങൾ പറഞ്ഞ് ജലനിരപ്പ് 152 അടി വരെ ഉയർത്തുന്ന സ്ഥിതിയുണ്ടായാലും അത്ഭുതപ്പെടേണ്ടതില്ല. അതിനുവേണ്ടി ഏത് തരത്തിലുള്ള ഇടപെടലുകളും നടത്താൻ അവർ സജ്ജരാണ്. അങ്ങനെ ഇനിയും ജലനിരപ്പ് ഉയർന്നു തുടങ്ങിയാൽ വെള്ളത്തിനടിയിലാണ്ടുപോകുന്ന വനഭൂമിയുടെ വിസ്തൃതി ഇനിയും വർദ്ധിക്കും. അത് കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഈ നിയമസഭയുടെ മുമ്പ് ചേർന്ന പല സമ്മേളനങ്ങളിലും മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

ഉയർത്തുകയും ഉയരുകയും ചെയ്യുന്നത് സംബന്ധിച്ച് നാം വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. മറ്റ് വിഷയങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി ഈ കാര്യത്തിൽ നിയമസഭ ഒരേ സ്വരത്തിലാണ് അഭിപ്രായങ്ങൾ പങ്ക് വയ്ക്കുകയും ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളത്. ഇത്രയും നാൾ പുലി വരുന്നേ പുലി വരുന്നേ എന്ന് പറയുകയാണ് ചെയ്തതെങ്കിൽ ഇപ്പോൾ പുലി നമ്മുടെ വീട്ടുമുറ്റത്ത് എത്തിയിരിക്കുകയാണ്. ഏത് നിമിഷം വേണമെങ്കിലും അത് നമ്മളെ വിഴുങ്ങിയെന്ന് വരും. ഇത്തരമൊരു സാഹചര്യത്തിലും ഒന്നുകൊണ്ടും പേടിക്കേണ്ട ആവശ്യമില്ല, ഈ കാര്യത്തിൽ ഒരാശങ്കയും വേണ്ടെന്നാണ് ഇന്നലെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് പത്രസമ്മേളനം നടത്തി പറഞ്ഞത്. ഇങ്ങനെ പറഞ്ഞ് സായൂജ്യം അടയുകയല്ല വേണ്ടത്. ഇങ്ങനെ സായൂജ്യമടയുന്നതിന് എന്തെങ്കിലും അർത്ഥമുണ്ടോ? സ്പീക്കർ സാർ, അങ്ങ് ഓർക്കുന്നില്ലേ; മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽനിന്ന് അല്പമൊന്നുയർന്ന് ആശങ്ക ഉണ്ടാക്കി തുടങ്ങിയപ്പോൾ നമ്മുടെ ജലവിഭവ വകുപ്പുമന്ത്രി എനിക്ക് ഉറങ്ങാൻ കഴിയുന്നില്ലേ എന്നുപറഞ്ഞാണ് വിലപിച്ചത്. അദ്ദേഹത്തിന്റെ ആ നിലവിളി ഇപ്പോഴും വാർത്താ ചാനലുകളുടെ ആർക്കൈവ്സുകളിലുണ്ട്. പക്ഷേ, അദ്ദേഹം ഇന്നലെ ഉറങ്ങി. കൂർക്കം വലിച്ചുറങ്ങി. ഉറങ്ങാൻ കഴിയുന്നില്ല എന്നുപറഞ്ഞ് വിലപിച്ചതല്ലാതെ ആ വാക്കുകളുടെ

സ്പിരിറ്റിനൊത്ത് ഉയർന്നു പ്രവർത്തിക്കുവാൻ അദ്ദേഹത്തിനോ ഈ സർക്കാരിനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ജലനിരപ്പ് 136 അടി എന്നുള്ള പരമ്പരാഗത നിലയിൽനിന്ന് 142 അടിയിലേയ്ക്ക് ഉയർത്താൻ ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവാദം നൽകിയതും ഇപ്പോൾ ഏതാണ്ട് അതിന് തൊട്ടടുത്ത് ജലനിരപ്പ് എത്തിനില്ക്കുന്നതും. 2005-ലാണ് ആദ്യമായി സുപ്രീംകോടതി കേരളത്തിനെതിരെ വിധി പ്രസ്താവിച്ചത്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? അന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആ കേസ് വാദിച്ചിരുന്ന കേമന്മാരായ അശോക് ദേശായിയേയും രാജേഷ് ധവാനേയും ഒറ്റയടിക്ക് മാറ്റി പകരം വിശ്വനാഥ് അയ്യരെന്ന ഒരു റിട്ടയേർഡ് ജഡ്ജിയെയാണ് നിയമിച്ചത്. അതാണ് നമുക്ക് ഈ ഗതി വന്നത്. ഈ വിധിയുടെ ഉത്തരവാദികൾ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമാണ്. ഇവർക്ക് കേരളം മാപ്പ് നൽകില്ല. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിലും അത് സുപ്രീംകോടതിയിൽ തോറ്റു കൊടുത്തതിനും ഉത്തരവാദി യു.ഡി.എഫ്. സർക്കാർ മാത്രമാണെന്ന് കോടതി നടപടി പരിശോധിച്ചാൽ ആർക്കും മനസ്സിലാകുന്നതാണ്. മുല്ലപ്പെരിയാർ അണക്കെട്ട് പൊട്ടിയാൽ ഡാമിലെ ജലം ഇടുക്കി ഡാം താങ്ങുമെന്നും പ്രദേശവാസികളുടെ പുനരധിവാസത്തിന് ആവശ്യമായ എല്ലാ നടപടികളും

എടുത്തിട്ടുണ്ടെന്നും രേഖകളുടെ അടിസ്ഥാനത്തിൽ നിയമ സാധുതയില്ലാത്ത കരാറിന് ഇപ്പോഴും സാധുതയുണ്ടെന്നും സർക്കാർ പറഞ്ഞത് കാര്യങ്ങൾ ഇത്രത്തോളം വഷളാക്കാനിടയാക്കി. ബഹുമാനപ്പെട്ട മന്ത്രി, ജലനിരപ്പ് 142 അടി കഴിയുംവരെ വെറുതെ ഉറക്കം നടിച്ച് നടന്നാൽ മതിയോ; ജനങ്ങളെയും ഈ നാടിനെയും രക്ഷിക്കാൻ എന്തെങ്കിലും നടപടിയെടുക്കണ്ടേ? നെഞ്ചത്തടിച്ച് കരഞ്ഞതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? മുല്ലപ്പെരിയാർ പ്രശ്നത്തിന് ശാശ്വത പരിഹാരം തേടി നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ട് ഒന്നര വർഷം കഴിഞ്ഞു. അന്ന് ആ പ്രമേയത്തിൽ പറഞ്ഞിരുന്നത് മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിന് കേന്ദ്രം മദ്ധ്യസ്ഥത വഹിക്കണമെന്നാണ്. ഭരണഘടനയുടെ 143-ാം പരിച്ഛേദം അനുസരിച്ച് വിഷയം രാഷ്ട്രപതി സുപ്രീംകോടതിക്ക് റഫർ ചെയ്യണം. ഇതിനാവശ്യമായ ഇടപെടലുകൾ നടത്താൻ സർക്കാരിന് കഴിയണം. ഡാം സുരക്ഷാ നിയമം പാസ്സാക്കുക, മുല്ലപ്പെരിയാർ പ്രശ്നം ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളും അന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ കാര്യങ്ങളിൽ കുറ്റമറ്റ തുടർപ്രവർത്തനം നടത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. വീണ്ടും സർവ്വകക്ഷിയോഗം ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്ത് ഈ യോഗത്തിൽ

താഴെപ്പറയുന്ന കാര്യങ്ങൾ വീണ്ടും മുന്നോട്ടുവച്ചിരുന്നു. കേസ് നടത്തിപ്പിലെ പാളിച്ചകൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം; ഡാം പൊട്ടുന്നതുമാത്രമല്ല ജലനിരപ്പ് 136 അടിയിൽ നിന്നുയരുന്നതുതന്നെ ചുറ്റുമുള്ള വനമേഖല വെള്ളത്തിലാക്കും എന്നതും ഇപ്പോഴത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ കഴിയണം; പുതിയ ഡാം കെട്ടണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ശക്തമായ ഇടപെടൽ നടത്തണം. ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇരട്ടത്താപ്പ് അവരെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. കൃഷിയുടെയും വരൾച്ചയുടെയും കാര്യംപറഞ്ഞാണ് തമിഴ്നാട് മുല്ലപ്പെരിയാറിലെ വെള്ളത്തിനുവേണ്ടി വാശി പിടിക്കുന്നത്. എന്നാൽ കൃഷിക്കുമാത്രമല്ല ഇവിടെ നിന്നുമുള്ള വെള്ളം അനധികൃതമായി ചോർത്തിക്കൊണ്ടുപോയി വൈദ്യുതി ഉല്പാദിപ്പിച്ച് വിറ്റ് കാശാക്കുകയാണ് അവർ ചെയ്യുന്നതെന്ന കാര്യം സുപ്രീം കോടതിയെയും കേന്ദ്ര സർക്കാരിനെയും ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. ഈ പ്രശ്നം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരണം. അടിയന്തരമായി സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും രണ്ടു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരെയും

വിളിച്ച് ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് തീർപ്പ് കല്പിക്കുകയും വേണം. ഇതനുസരിച്ച് പ്രധാനമന്ത്രിയെ കണ്ടെങ്കിലും ആശാവഹമായ ഒന്നും സംഭവിച്ചില്ല, നിങ്ങൾ പിന്നീട് അതിനെപ്പറ്റി ആലോചിച്ചുമില്ല. ഇനി വെള്ളം പൊട്ടിവന്നതിനുശേഷം കൈകാലുകൾ ഇട്ടടിച്ചിട്ട് എന്തെങ്കിലും കാര്യവുമുണ്ടോ? സർവ്വകക്ഷി യോഗത്തിൽ നമ്മളെടുത്ത തീരുമാനങ്ങളിൽ ഏതെങ്കിലും ഒരെണ്ണം നടപ്പിലാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞോ? ഇല്ലേയില്ല. എന്നിട്ടും മുഖ്യമന്ത്രിയും മന്ത്രിമാരും നാട്ടുകാരെ കബളിപ്പിക്കാൻ എന്തൊക്കെയോ വിളിച്ചു കൂവുകയാണ് ചെയ്യുന്നത്. ഇതൊരു മനുഷ്യാവകാശ പ്രശ്നമാണ്. അടിയന്തരമായും മുല്ലപ്പെരിയാർ പ്രശ്നം ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ കൊണ്ടുവരണം. അതിന് ഇന്നുതന്നെ സർക്കാർ ആവശ്യമായ തീരുമാനം കൈക്കൊള്ളുകയും വിവരം സഭയിൽ ഇന്നുതന്നെ പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :സർ, പോയിന്റ് ഓഫ് ഓർഡർ..........

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചതിന്റെ കൂട്ടത്തിൽ ഞാൻ വനം വകുപ്പുമന്ത്രിയായിരുന്നുവെന്ന് പറയുകയുണ്ടായി. 2004-ലെ ഗവൺമെന്റിന്റെ കാലത്ത് ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു. വനംവകുപ്പ് പിന്നീടാണ്

വന്നുചേർന്നത്. എന്നെ പേഴ്സണലായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ആ കേസിനകത്ത് അശോക് ദേശായി എന്നുപറയുന്ന ഒരു വക്കീൽ നമുക്കുവേണ്ടി appear ചെയ്തിരുന്നില്ല. നമുക്കുവേണ്ടി അന്ന് appear ചെയ്തിരുന്നത് അശോക് ധവാനാണ്. അശോക് ധവാൻ ആ കേസ് മുന്നോട്ടുകൊണ്ടുപോകാൻ പറ്റില്ല, അദ്ദേഹത്തെ ഒഴിവാക്കണമെന്നുപറഞ്ഞ് കേരള ഗവൺമെന്റിന് കത്തയച്ചു. കത്തയച്ചു കഴിഞ്ഞപ്പോഴാണ് റിട്ടയേർഡ് ജസ്റ്റിസ് വിശ്വനാഥ അയ്യരെ നിയമിച്ചത്. അതുകൊണ്ട് ഫാക്ച്വലായിട്ടുള്ള മിസ്റ്റേക്ക് തിരുത്തണം. ദയവായി കുറ്റപ്പെടുത്തലുകൾ ഇതിൽ നിന്നൊഴിവാക്കണം. കേരളത്തിന്റെ കേസ് വാദിക്കുമ്പോൾ പരസ്പരമല്ല തർക്കിക്കേണ്ടത്. കേരളത്തിന്റെ കേസ് അതിൽ നിന്നും അപ്പുറത്താണ്. ആ പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ ഈ കേസ് മുന്നോട്ടുകൊണ്ടുപോകണം. എന്നെ ബാധിക്കുന്ന പ്രശ്നം ഒഴിവാക്കണം.

ശ്രീ. സി. ദിവാകരൻ: സർ, പ്രതിപക്ഷ നേതാവ് വാക്കൗട്ട് ഒഴിവാക്കിക്കൊണ്ട് മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥന നടത്തിയിട്ടുണ്ട്. അത് അങ്ങ് കേട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രധാനമന്ത്രി കേരളത്തിൽ വരുമ്പോൾ അദ്ദേഹത്തിന് സൗകര്യമുണ്ടെങ്കിൽ അദ്ദേഹത്തെ കാണുന്നതിനുവേണ്ടിയുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കത്തയച്ചു. പക്ഷേ, അദ്ദേഹത്തിന്റെ സന്ദർശന

പരിപാടി അനുസരിച്ച് അങ്ങനെയുള്ള ഒരു ചർച്ചയ്ക്ക് അവസരമില്ല. തിരുവനന്തപുരം എയർപോർട്ടിൽ നിന്ന് അദ്ദേഹം രാജ്ഭവനിലേയ്ക്ക് വരാതെ നേരെ പോകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അങ്ങനെയുള്ള ഒരു ചർച്ചയ്ക്ക് സാഹചര്യമില്ലെന്നു മനസ്സിലാക്കിയപ്പോൾതന്നെ അദ്ദേഹവുമായി ഒരു ചർച്ചയ്ക്ക് ഡൽഹിയിൽ സമയം തരണമെന്നുള്ള സന്ദേശം അയച്ചിരിക്കുകയാണ്. 10-ാം തീയതിയോ 11-ാം തീയതിയോ അതിനൊരു അവസരം കിട്ടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി ശ്രീമതി ഉമാ ഭാരതിയെയും കാണുന്നതാണ്.

ശ്രീ. സി. ദിവാകരൻ : സർ, മനുഷ്യാവകാശ കമ്മീഷന്റെ മുന്നിൽ ഈ വിഷയം അവതരിപ്പിക്കണമെന്ന് കേരള നിയമസഭ തീരുമാനിക്കുന്നു. ആ തീരുമാനമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുന്നോട്ടുവച്ച നിർദ്ദേശം. മനുഷ്യാവകാശ കമ്മീഷന്റെ മുന്നിൽ ഈ വിഷയം അവതരിപ്പിക്കണം. നഗ്നമായ മനുഷ്യാവകാശ ലംഘനമാണ് ഇത്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മുന്നിൽ അവസാന അത്താണിയെന്നുള്ള നിലയിൽ ഈ പ്രശ്നം അവതരിപ്പിക്കണം. ഇതിൽ ഞങ്ങൾക്ക് ഒരു അഭിപ്രായ വ്യത്യാസവുമില്ല. ഞങ്ങൾ ജനങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചതാണ്. ഇതിനെക്കുറിച്ച് ഒരുപാടുപേർ മറുപടി പറഞ്ഞു. ഞങ്ങൾ വാക്കൗട്ട് നടത്തിയില്ല. ഞങ്ങൾക്ക് രണ്ടഭിപ്രായമില്ല. മുല്ലപ്പെരിയാറിലെ

വെള്ളക്കെട്ടുതികൾ പാടില്ല എന്നുള്ളതിന് എന്ത് നടപടി നിങ്ങൾ എടുക്കുമോ അത് സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് പ്രധാനമന്ത്രിയെ ഈ പ്രശ്നത്തിൽ ഇടപെടുത്താൻ ശ്രമിക്കും എന്നതാണ്. നിയമപരമായി നമുക്ക് ഒരു ശക്തമായ ഗ്രൗണ്ട് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിക്കുന്നതാണ്. ഈ സാഹചര്യങ്ങൾ പരിശോധിച്ചതിനുശേഷം ഇപ്പോൾ പറഞ്ഞ ആവശ്യം വേണമോ വേണ്ടയോ എന്നു തീരുമാനിക്കാം.